30
2021
സെപ്റ്റംബർ
വ്യാഴം
1197
കന്നി 14

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 163 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-163 | പേജ് 4. വില 2.00 രൂപ




02 ആയുഷ്മാൻ ഭാരത് ഡിജിറ്റൽ ദൗത്യത്തിനു തുടക്കംകുറിച്ച് പ്രധാനമന്ത്രി
03 കോൺഗ്രസ് നേതാക്കൾക്ക് മോൻസണുമായി ബന്ധം
04 ഇന്ന് 11,699 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

# വവ്വാലിൽ നിപ്പ സാന്നിധ്യം സ്ഥിരീകരിച്ചു

കോഴിക്കോട്: നിപ്പ ഭീതിയിൽ വിറങ്ങലിച്ച കോഴിക്കോട് ജില്ലയിൽനിന്നു പരിശോധനയ്ക്കായി പിടിച്ച ചില വവ്വാൽ ഇനങ്ങളിൽ നിപ്പ വൈറസിൻറെ സാന്നിധ്യം ഉണ്ടായിരുന്നതായി റിപ്പോർട്ട്. രണ്ടിനം വവ്വാലുകളിൽ നിപ വൈറസിൻറെ സാന്നിധ്യം ഉണ്ടായിരുന്നെന്നു സൂചിപ്പിക്കുന്ന പരിശോധന ഫലമാണ് ലഭിച്ചിരിക്കുന്നത്.



നിപ്പയ്ക്കെതിരേയ ആൻറിബോഡിയാണ് ചില വവ്വാലുകളിൽ കണ്ടെത്തിയത്. ഇതോടെ ഇവ നിപ്പ വൈറസ് വാഹകരായിരുന്നെന്നു സ്ഥിരീകരിച്ചു. അതേസമയം, ഇക്കാര്യത്തിൽ കൂടുതൽ വിദഗ്ധ പരിശോധനകൾ ആവശ്യമാണെന്നും അധികൃതർ അറിയിച്ചു. കോഴിക്കോട്ട് നിപ്പ ബാധിച്ചു പന്ത്രണ്ടു വയസുകാരൻ മരിച്ചതോടെയാണ് ഒരു ഇടവേളയ്ക്കു ശേഷം സംസ്ഥാനത്ത് വീണ്ടും രോഗം ഭീതി പരത്തിയത്. സെപ്റ്റംബർ ആദ്യവാരമാണ് കുട്ടിയിൽ നിപ്പ വൈറസിൻറെ സാന്നിധ്യം സ്ഥിരീകരിച്ചത്.

നാലു ദിവസമായിട്ടും കടുത്ത പനി കുറയാത്തതിനെത്തുടർന്നാണ് പന്ത്രണ്ടുകാരൻറെ സ്രവം പരിശോധനയ്ക്കായി എടുത്തത്. കോഴിക്കോട്ട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന കുട്ടി ഛർദിയും മസ്തിഷ്ക ജ്വരവും രൂക്ഷമായി മരണത്തിനു കീഴടങ്ങി.

ഇതോടെ സംസ്ഥാനത്ത് അതീവ ജാഗ്രത പ്രഖ്യാപിച്ചിരുന്നു. നിരവധി മുൻകരുതൽ നടപടികളുമെടുത്തു. സന്പർക്കമുണ്ടായിരുന്നവരെയെല്ലാം ക്വാറൻറൈൻ ചെയ്തു നിരീക്ഷണവും നിയന്ത്രണവും ശക്തമാക്കി.ബന്ധുക്കളും ആരോഗ്യപ്രവർത്തകരുമടക്കം നിരവധി പേർ ക്വാറൻറൈനിൽ ആയിരുന്നു.റോഡുകൾ അടച്ചും മറ്റും കർശന നിയന്ത്രണങ്ങളും ഏർപ്പെടുത്തി.

കേന്ദ്രസംഘം അടക്കം സംസ്ഥാനത്ത് എത്തി. നിപ്പയുടെ ഉറവിടം കണ്ടെത്താനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടു രോഗം കണ്ടെത്തിയ പ്രദേശത്തെ വളർത്തുമൃഗങ്ങളെ പരിശോധനയ്ക്കു വിധേയമാക്കി. വവ്വാലുകളെയും പിടികൂടി പരിശോധനയ്ക്ക് അയച്ചു.

ഇതിൻറെ സാന്പിളിലാണ് രണ്ടിനം വവ്വാലുകളിൽ നിപ്പയ്ക്കെതിരായ ആൻറിബോഡി കണ്ടെത്തിയത്. 2018 മേയിലാണ് സംസ്ഥാനത്ത് ആദ്യമായി നിപ്പ സ്ഥിരീകരണമുണ്ടായത്. കോഴിക്കോട് പേരാന്പ്ര ചെങ്ങരോത്ത് പഞ്ചായത്തിലായിരുന്നു നിപ്പ.

2019ൽ കൊച്ചിയിലും വൈറസ് കാണപ്പെട്ടെങ്കിലും വളരെപ്പെട്ടെന്നു രോഗത്തെ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിരുന്നു. കോഴിക്കോട്ട് മരണത്തിനു കീഴടങ്ങിയ കുട്ടി വവ്വാൽ കടിച്ച പേരയ്ക്ക കഴിച്ചതു വഴിയാണ് വൈറസ് ബാധയേറ്റതെന്ന സംശയം ഉയർന്നിരുന്നു. അതു ഏതാണ്ട് ഉറപ്പിക്കുന്നതാണ് ഇപ്പോൾ വവ്വാലിൽ കണ്ടെത്തിയിരിക്കുന്ന ആൻറിബോഡി സാന്നിധ്യം.

## മാരക മയക്കുമരുന്നുകളുമായി നാലുപേർ പിടിയിൽ

തിരുവനന്തപുരം: മാരക മയക്കുമരുന്നുകളായ എംഡിഎംഎയും എൽഎസ്ഡിയും കഞ്ചാവും വില്പന നടത്തി വന്ന നാലംഗ സംഘം പൊലീസ് പിടിയിൽ. തുമ്പ ആറാട്ടുവഴി പീറ്റർ ഹൗസിൽ ഡൊമനിക് പീറ്റർ(26), കാഞ്ഞിരംപാറ മഞ്ചാടിമൂട് പുതുവൽക്കാട് വീട്ടിൽ കിരൺ(28), കഠിനംകുളം പുതുക്കുറിച്ചി തൈവിളാകം വീട്ടിൽ പ്രവീൺ ലോറൻസ്(25), കഠിനംകുളം ആര്യ ഭവനിൽ കണ്ണൻ എന്ന് വിളിക്കുന്ന വിപിൻ(26) എന്നിവരെയാണ് സിറ്റി നർക്കോട്ടിക് സെൽ ടീമിന്റെ സഹായത്തോടെ കഴക്കൂട്ടം പൊലീസ് അറസ്റ്റ് ചെയ്തത്.

മയക്കുമരുന്ന് വില്പന സംഘങ്ങളെ പിടികൂടുവാൻ സിറ്റി പൊലീസ് നടത്തി വരുന്ന സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായുള്ള അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് മയക്കുമരുന്നുകൾ വില്പന നടത്തി വന്ന സംഘത്തെക്കുറിച്ച് നർക്കോട്ടിക് സെൽ എസിപി ഷീൻ തറയലിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് ദിവസങ്ങളായി സംഘം പൊലീസിന്റെ നിരീക്ഷണത്തിലായിരുന്നു.

കഴക്കൂട്ടം പൊലീസും നർക്കോട്ടിക് സെൽ ടീമും സംയുക്തമായി നടത്തിയ പരിശോധനയിൽ ആറ്റിൻകുഴി ബ്ലൂബെറി അപ്പാർട്ട്മെന്റിൽ നിന്നും വില്പനയ്ക്കായി സൂക്ഷിച്ചിരുന്ന മാരക മയക്കുമരുന്നുകളായ എംഡിഎംഎയും എൽഎസ്ഡി സ്റ്റാമ്പുകളും കഞ്ചാവ് പായ്ക്കറ്റുകളും പൊലീസ് കണ്ടെടുത്തിട്ടുണ്ട്.

# ഇന്ത്യയെ നശിപ്പിക്കാൻ പാക് സൈന്യം പരിശീലനം നൽകി; ഭീകരൻെറ വെളിപ്പെടുത്തൽ

ശ്രീനഗർ: ഇന്ത്യക്കെതിരേ ആക്രമണം നടത്താൻ പാക് സൈന്യം പരിശീലനം നൽകിയെന്ന് അതിർത്തിയിൽ പിടിയിലായ പാക് ഭീകരൻറെ വെളിപ്പെടുത്തൽ. ഇന്ത്യയെ ആക്രമിക്കാൻ പാക് സൈന്യവും ഐഎസ്ഐയും പരിശീലനം നൽകി. സെപ്റ്റംബർ 13ന് അതിർത്തിയിലൂടെ നുഴഞ്ഞുകയറാനാണ് നിർദേശം ലഭിച്ചതെന്നും ഭീകരൻ വെളിപ്പെടുത്തി. ഭീകരൻറെ ദൃശ്യങ്ങളും കുറ്റസമ്മതവും ഇന്ത്യൻ സൈന്യമാണ് പുറത്തുവിട്ടത്. പാക്കിസ്ഥാനിലെ ഒകാര ജില്ലക്കാരനായ അലി ബാബർ (19) ആണ് പിടിയിലായ ലഷ്കർ ഭീകരൻ. ഇന്ത്യയിലേക്ക് നുഴഞ്ഞുകയറാൻ താനുൾപ്പെടെ ആറു ഭീകരരെയാണ് പാക് സൈന്യം സജ്ജമാക്കിയതെന്നും അലി ബാബർ പറഞ്ഞു. കാഷ്മീരിൽ മുസ്ലിംങ്ങൾക്കെതിരേ ഇന്ത്യൻ സൈന്യം അതിക്രമം നടത്തിയിട്ടുണ്ടെന്ന് ഞങ്ങളോട് പറഞ്ഞിരുന്നു. എന്നാൽ ഇത്തരത്തിലുള്ള ഒന്നും ഞാൻ കണ്ടില്ല. ഇന്ത്യൻ സൈന്യം തന്നോട് മാന്യമായാണ് പെരുമാറിയത്. പീഡിപ്പിക്കുകയോ മർദിക്കുകയോ ചെയ്തില്ല. കാഷ്മീരിലെ ജനങ്ങൾ സന്തുഷ്ടരായാണ് കഴിയുന്നതെന്നും വീഡിയോയിൽ ബാബർ വ്യക്തമാക്കി.

# ഗാന്ധി കുടുംബത്തെ വിമർശിച്ചു; കപിൽ സിബലിൻറെ വീടിനു നേരെ യൂത്ത് കോൺഗ്രസ് ആക്രമണം

ന്യൂഡൽഹി: ഗാന്ധി കുടുംബത്തെ വിമർശിച്ച മുതിർന്ന കോൺഗ്രസ് നേതാവ് കപിൽ സിബലിൻറെ വീടിനു നേരെ ആക്രമണം. വേഗം സുഖംപ്രാപിക്കട്ടെയെന്ന പ്ലക്കാർഡുകളുമായി പ്രകടനം നടത്തിയ പ്രതിഷേധക്കാർ വീടിനു നേരെ തക്കാളി എറിഞ്ഞു. സിബലിൻറെ കാറിന് കേടുപാട് സംഭവിക്കുകയും ചെയ്തു. യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ് പ്രകടനം നടത്തിയത്.

പാർട്ടിവിടുക, സുബോധത്തിലേക്ക് തിരികെയെത്തുക തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കി. രാഹുൽ ഗാന്ധിക്ക് പ്രകടനക്കാർ സിന്ദാബാദ് വിളിച്ചു. ഈ നാടകം കണ്ട് തനിക്ക് അസ്വസ്ഥതയുണ്ടാകില്ലെന്ന് സിബൽ പറഞ്ഞു. താൻ പറഞ്ഞതിൽ കൃത്യമായ ബോധ്യമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറ് കോൺഗ്രസിനില്ലെന്നും തീരുമാനങ്ങളെടുക്കുന്നത് ആരെന്ന് അറിയില്ലെന്നുമായിരുന്നു സിബലിൻറെ വിമർശനം. ഒരു നേതാവില്ലാ ത്തതാണു പാർട്ടിയുടെ ഇന്നത്തെ ദുരവസ്ഥ. പ്രസിഡൻറില്ല. തെരഞ്ഞെടുക്കപ്പെട്ട വർക്കിംഗ് കമ്മിറ്റിയുമില്ല. ഞങ്ങൾ തുടർന്നും വിഷയങ്ങൾ ഉയർത്തിക്കൊണ്ടേ യിരിക്കും പഞ്ചാബിലെ കോൺഗ്രസ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഡൽഹിയിൽ നടത്തിയ പത്രസമ്മേ ളനത്തിൽ ജി23 ഗ്രൂപ്പ് നേതാവായ കപിൽ പറഞ്ഞു. പത്രലേഖകരുടെ മുന്നിൽ വന്നു ഇതൊക്കെ പറയുന്നതിൽ ശരിക്കും അസ്വസ്ഥനാണ്. പക്ഷേ ഞങ്ങളുടെ മുന്നിൽ മറ്റു വഴികളില്ല കപിൽ വിശദീകരിച്ചു.

# അമരിന്ദർ സിങ് അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി

ന്യൂഡൽഹി: പഞ്ചാബ് കോൺഗ്രസിൽ ആശയക്കുഴപ്പങ്ങളും തമ്മിലടിയും മൂർച്ഛിക്കുന്നതിനിടെ മുൻ മുഖ്യമന്ത്രി അമരിന്ദർ സിങ് അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി. കോൺഗ്രസ് സംസ്ഥാന അധ്യക്ഷ സ്ഥാനത്തുനിന്ന് നവ്ജ്യോത് സിങ് സിദ്ദു രാജിവച്ച് ഒരു ദിവസം പിന്നിടുമ്പോഴാണ് ഹൈക്കമാൻഡിന്റെ ആശങ്ക വർധിപ്പിച്ചുകൊണ്ട് അമരിന്ദർ സിങ്ങിന്റെ ബിജെപി നേതാവുമായുള്ള കൂടിക്കാഴ്ച. രാജി തീരുമാനത്തിൽ നിന്ന് പിന്നോട്ടില്ലെന്ന് വ്യക്തമാക്കുന്ന വീഡിയോ ഇന്നലെ സിദ്ദു പുറത്തുവിട്ടതോടെ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് സംസ്ഥാനത്തെ ഭരണനേതൃത്വത്തിന് പുതിയ മുഖം നൽകാനുള്ള ഹൈക്കമാൻഡിന്റെയും രാഹുൽപ്രിയങ്ക സഹോദരങ്ങളുടെയും ശ്രമങ്ങൾ വിപരീതഫലമുണ്ടാക്കിയെന്നുള്ള വിമർശനങ്ങളും ശക്തമായി.



അമരിന്ദർ സിങ് ബിജെപിയിൽ ചേർന്നേക്കുമെന്നുള്ള സൂചനകൾക്ക് ശക്തി പകരുന്നതാണ് അമിത് ഷായുമായുള്ള കൂടിക്കാഴ്ച. അമിത് ഷായുടെ ഡൽഹിയിലെ വസതിയിലാണ് കൂടിക്കാഴ്ച. കഴിഞ്ഞയാഴ്ചയാണ് അമരിന്ദർ സിങ് പ!ഞ്ചാബ് മുഖ്യമന്ത്രി സ്ഥാനം രാജിവച്ചത്. അവസാന ശ്വാസം വരെ സത്യത്തിനായി പോരാട്ടം തുടരുമെന്നാണ് നവജ്യോത് സിങ് സിദ്ദു ഇന്നലെ വീഡിയോ സന്ദേശത്തിലൂടെ വ്യക്തമാക്കിയത്. പഞ്ചാബിനായി എന്തു ത്യാഗവും സഹിക്കും, ആരോടും വ്യക്തിപരമായ വിദ്വേഷം ഇല്ലെന്നും അദ്ദേഹം പറഞ്ഞു. 'എന്റെ ആശയങ്ങൾക്കുവേണ്ടി എന്തു ത്യാഗവും നേരിടും. അതിൽ എനിക്കു കൂടുതൽ ചിന്തിക്കേണ്ടതില്ല. കളങ്കിതരായ മന്ത്രിമാരും ഉദ്യോഗസ്ഥരും ഉള്ള സംവിധാനം തകർക്കേണ്ടതുണ്ട്. ഇത്തരക്കാരെ വീണ്ടും നിയമിക്കരുത്. അത്തരം നിയമനങ്ങളെ ഞാൻ എതിർക്കുന്നു' ടിറ്ററിൽ പങ്കുവച്ച വീഡിയോയിൽ സിദ്ദു പറഞ്ഞു.

കഴിഞ്ഞ മന്ത്രിസഭയിൽ നിന്ന് അഴിമതിയുടെ പേരിൽ ഒഴിവാക്കപ്പെട്ട റാണ ഗുർജിത് സിങ്ങിനെ പുതിയ മന്ത്രിസഭയിലും ഉൾപ്പെടുത്തിയതാണു സിദ്ദുവിനെ പ്രകോപിപ്പിച്ചത്. ദേശീയ നേതൃത്വത്തിന്റെയും മുഖ്യമന്ത്രി ചരൺജിത്ത് സിങ് ചന്നിയുടെയും പിടിവാശിയാണ് റാണയെ വീണ്ടും മന്ത്രിസഭയിൽ ഉൾപ്പെടുത്തിയതിന് പിന്നിലെന്നാണ് സിദ്ദുവിന്റെ വിമർശനം.

# തമിഴ്നാട്ടിൽ സ്കൂളുകൾ പൂർണമായും തുറക്കുന്നു

ചെന്നൈ: കോവിഡ് വ്യാപനത്തെ തുടർന്ന് അടച്ച തമിഴ്നാട്ടിലെ സ്കൂളുകൾ പൂർണമായും തുറക്കുന്നു. ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസുകൾ നവംബർ ഒന്നിന് പുനരാരംഭിക്കുമെന്ന് സർക്കാർ അറിയിച്ചു. ആരോഗ്യ വിദഗ്ധർ, വിദ്യാഭ്യാസ മേഖലയിലെ ഉന്നതർ, മാതാപിതാക്കൾ എന്നിവരുമായി കൂടിയാലോചിച്ചതിന് ശേഷമാണ് ക്ലാസുകൾ ആരംഭിക്കാനുള്ള തീരുമാനം എടുത്തതെന്ന് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ പറഞ്ഞു. കോവിഡ് മാനദണ്ഡങ്ങൾ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സ്കൂൾ അധികൃതർക്ക് അദ്ദേഹം നിർദ്ദേശം നൽകുകയും ചെയ്തു.

കോവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകൾ അടിച്ചിട്ടതിനാൽ വിദ്യാർത്ഥികൾ വലിയ സമ്മർദ്ദത്തിലായിയെന്നും പഠന വിടവ് സംഭവിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. സ്കൂളുകളിൽ ഒമ്പതാം ക്ലാസ് മുതൽ 12ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും കോളജ് വിദ്യാർത്ഥികൾക്കും ഒക്ടോബർ ഒന്ന് മുതൽ ക്ലാസ് തുടങ്ങിയിരുന്നു.

അതേസമയം, സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന ലോക്ഡൗൺ ഒക്ടോബർ 11 രാവിലെ ആറ് വരെ തുടരുമെന്ന് സർക്കാർ അറിയിച്ചു.

ഒന്നിടവിട്ട ദിവസങ്ങളിലാണ് നിലവിൽ ക്ലാസുകൾ.സാമൂഹികരാഷ്ട്രീയ സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളും തുടരും. വാരാന്ത്യങ്ങളിൽ ആരാധനാലയങ്ങളും അടച്ചിടും. കൂട്ടം കൂടുന്ന അവസ്ഥ ഒഴിവാക്കണമെന്നും ശക്തമായ നിയന്ത്രണങ്ങളിലൂടെ മാത്രമേ കോവിഡ് മൂന്നാം തരംഗം ഒഴിവാക്കാൻ കഴിയൂ എന്നും മുഖ്യന്ത്രി എം കെ സ്റ്റാലിൻ കൂട്ടിച്ചേർത്തു.

## സ്കൂൾ ബസുകളുടെ റോഡ് നികുതി ഒഴിവാക്കി; സ്വകാര്യ ബസുകൾക്ക് സാവകാശം നൽകും

തിരുവനന്തപുരം: സ്കൂൾ ബസുകൾക്ക് ഒരു വർഷത്തെ നികുതിയിളവ് സർക്കാർ അനുവദിച്ചു. 2020 ഒക്ടോബർ മുതൽ ഈവർഷം സെപ്റ്റംബർവരെയുള്ള റോഡ് നികുതിയാണ് ഒഴിവാക്കിയത്.

സംസ്ഥാനത്തെ സ്റ്റേജ് കോൺട്രാക്ട് കാരിയറുകളുടെ ജൂലൈ ഒന്നിന് ആരംഭിച്ച രണ്ടാം ക്വാർട്ടറിലേയും ഒക്ടോബർ ഒന്നിന് ആരംഭിക്കുന്ന മൂന്നാം ക്വാർട്ടറിലേയും വാഹന നികുതികൾ അടയ്ക്കേണ്ട അവസാന തീയതി ഡിസംബർ 31 വരെയാക്കി ദീർഘിപ്പിച്ചു.

കോവിഡ് കാരണം വാഹന ഗതാഗത രംഗത്തുള്ളവരുടെ സാന്പത്തിക ബുദ്ധിമുട്ടും തൊഴിൽ രാഹിത്യവും പരിഗണിച്ചാണ് നടപടിയെന്ന് മന്ത്രി ആൻറണി രാജു പറഞ്ഞു.

# ആരോഗ്യപ്രവർത്തകയെ ആക്രമിച്ച സംഭവം; പ്രതികൾ കുടുങ്ങിയത് മോഷണ മുതൽ വിൽക്കാൻ ശ്രമിച്ച്

കായംകുളം: ആലപ്പുഴയിൽ ആരോഗ്യപ്രവർത്തകയെ ആക്രമിച്ച പ്രതികൾ കോട്ടയത്ത് യുവതിയെ ആക്രമിച്ച് മാല പറിച്ചു. പ്രതികളായ കൊല്ലം കടയ്ക്കാവൂർ സ്വദേശി റോക്കി റോയ്, കഠിനംകുളം സ്വദേശി നിഷാന്ത് എന്നിവരെ പിടികൂടി ചോദ്യം ചെയ്തപ്പോഴാണ് മറ്റൊരു കവർച്ച കൂടി വെളിപ്പെട്ടത്. കോട്ടയത്തുനിന്നും പിടിച്ചുപറിച്ച മാല വിൽക്കാൻ ശ്രമിച്ചതാണ് പ്രതികൾ വലയിലാകാൻ കാരണമായത്.

അപഹരിച്ച മാല എറണാകുളത്തുള്ള കടയിൽ വിൽക്കാൻ ശ്രമിച്ചെങ്കിലും കടയുടമ വാങ്ങിയില്ല. വിൽക്കാൻ വന്നവരുടെ പെരുമാറ്റത്തിൽ സംശയം തോന്നിയ കടയുടമ പോലീസിന് വിവരം നൽകി. കടയിലെ സിസിടിവി പരിശോധിച്ചാണ് പോലീസ് പ്രതികളിലേക്ക് എത്തിയത്.

കഴിഞ്ഞ സെപ്റ്റംബർ 20 രാത്രി 11 .30 ന് ആണ് സുബിനയ്ക്ക് നേരെ ആക്രമണം ഉണ്ടായത്. വണ്ടാനം മെഡിക്കൽ കോളജിൽ നിന്നും കോവിഡ് ഡ്യൂട്ടി ക ഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്നതിനിടയിലായിരുന്നു സുബിന ആക്രമിക്കപ്പെട്ടത്.

പ്രതികളെ റിമാൻഡ് ചെയ്തു. സംഭവം നടന്ന തൃക്കുന്നപ്പുഴ പാനൂരിന് സമീപം പ്രതികളെ എത്തിച്ച് തെളിവെടുപ്പ് നടത്തും.

# പട്ടം എസ്യുടി ആശുപത്രി ലോകഹൃദയദിനം ആചരിച്ചു

തിരുവനന്തപുരം: ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് പട്ടം എസ് യു ടി ആശുപത്രിയിൽ 'ഹൃദയത്തിൽ നിന്ന് എന്ന സാധരണക്കാർ അറിയേണ്ട ഹൃദയ സംബന്ധമായ എല്ലാ വിഷയങ്ങളെയും പ്രതിപാദിച്ചു കൊണ്ട് വെബിനാർ സംഘടിപ്പിച്ചു. പ്രശസ്ത നടനും പാർലമെന്റ് അംഗവുമായ 'ഭരത്' സുരേഷ് ഗോപി വെബിനാർ ഉദ്ഘാടനം ചെയ്തു. എസ് യു ടി ആശുപത്രിയുടെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി അധ്യക്ഷത വഹിച്ചു. കോവിഡ് 19 എന്ന മഹാമാരി നമ്മുടെയെല്ലാം ജീവിതത്തെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹൃദയ സംരക്ഷണത്തിന്റെ പ്രാധാന്യത്തെ പറ്റി പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

'ഹൃദ്രോഗത്തെക്കുറിച്ച് ബോധവൽക്കരണം, പ്രതിരോധം, ചികിത്സ എന്നിവയ്ക്ക് ഡിജിറ്റൽ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തൂ' എന്നതാണ് ഈ വർഷത്തെ ലോക ഹൃദയ ദിനത്തിലെ മുഖ്യവിഷയം. മെഡിക്കൽ സൂപ്രണ്ട് ഡോ അനൂപ് ചന്ദ്രൻ പൊതുവാൾ, സീനിയർ കാർഡിയോളജിസിറ്റ് ഡോ രാജലക്ഷ്മി, ഡോ പ്രവീൺ ജി കെ, ഡോ എ സി റാവു, ഡോ ശാന്തള പ്രഭു, ഡോ അനൂപ് കുമാർ എസ്, ക്ലിനിക്കൽ ന്യൂട്രീഷനിസ്റ്റ് പ്രീതി ആർ നായർ എന്നിവർ വെബിനാറിൽ പങ്കെടുത്തു.

# കോവിഡ് കാലത്ത് ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്തെ മാതൃകയായി കേരളം മാറി: മന്ത്രി മുഹമ്മദ് റിയാസ്

## ഫ്യൂച്ചർ സിറ്റി ഒടിടി സ്കൂൾ മന്ത്രി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: കോവിഡ് കാലഘട്ടത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെട്ടുത്തിക്കൊണ്ട് ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്തെ മാതൃകയായി മാറാൻ കേരളത്തിന് സാധിച്ചുവെന്ന് പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ്. ഫ്യൂച്ചർ സിറ്റി എഡ്യുടെക് വെഞ്ചേഴ്സിന്റെ ഒടിടി സ്കൂൾ പുറത്തിറക്കിക്കൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സർക്കാർ നേതൃത്വത്തിലുള്ള കൂട്ടായ്മയുടെ വിജയത്തിലൂടെയാണ് ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്തെ മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞതെന്നും മന്ത്രി പറഞ്ഞു. കോവിഡ് കാലത്ത് എല്ലാ മേഖലകളിലുമുണ്ടായ പ്രതിസന്ധി മറികടക്കാൻ സാധിച്ചത് സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ്. ഈ സാധ്യത മികച്ച രീതിയിൽ പ്രയോജനപ്പെടുത്താൻ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് കഴിഞ്ഞു. എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ഡിവൈസുകൾ ലഭ്യമാക്കി ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കാൻ സർക്കാരിന്റെ വിദ്യാകിരണം പദ്ധതിയിലൂടെ സാധിച്ചു. സാധ്യമായ എല്ലാ മേഖലകളിലും എല്ലാ കാര്യങ്ങളിലും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക എന്നതാണ് സർക്കാർ നയം. ഇത്തരമൊരു കാലഘട്ടത്തിൽ വളരെ മാതൃകാപരമായ സംരംഭമാണ് ഫ്യൂച്ചർ സിറ്റിയുടെ ഒടിടി സ്കൂൾ എന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ഇ ലേണിങ്ങ് രംഗത്തെ പുതിയ ചുവടുവയ്പ്പായ ഫ്യൂച്ചർ സിറ്റി ഒടിടി സ്കൂൾ ഇത്തരത്തിലുള്ള രാജ്യത്തെ തന്നെ ആദ്യ സംരംഭമാണ്. മറ്റ് ഇ ലേണിങ് പ്ലാറ്റ്ഫോമുകളിൽ നിന്ന് വ്യത്യസ്ഥമായി റെക്കോർഡഡ് വീഡിയോ ക്ലാസുകൾക്കു പുറമേ ലൈവ് വീഡിയോ ക്ലാസുകൾകൂടി ഉൾപ്പെടുത്തിയിരിക്കുന്നു എന്നതാണ് ഒടിടി സ്കൂളിന്റെ പ്രത്യേകത. വിപുലവും വൈവിധ്യമാർന്നതുമായ പ്രോഗ്രാമുകൾ, കോഴ്സുകൾ, എഡ്യുസീരീസ് എന്നിവ ചുരുങ്ങിയ ചിലവിൽ ലഭ്യമാക്കുന്നു എന്നതും ഒടിടി സ്കൂളിന്റെ സവിശേഷതയാണ്. വിഷയ വിദഗ്ധരുമായുള്ള വെബിനാറുകൾ, വിദ്യാർത്ഥികളുടെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി തയാറാക്കിയ അസൈൻമെന്റുകളും ടെസ്റ്റുകളും വിവിധ പ്രായ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി തയാറാക്കിയ കോഴ്സുകളും പ്രോഗ്രാമുകളും ലോകമെമ്പാടുമുള്ള വിദഗ്ധ കൗൺസിലർമാർ, വ്യവസായ വിദഗ്ധർ, പണ്ഡിതർ എന്നിവരിൽ നിന്നുള്ള തുടർച്ചയായ മാർഗനിർദ്ദേശവും വ്യക്തിഗത പരിശീലന പിന്തുണയും എന്നിവയെല്ലാം ഒടിടി സ്കൂൾ വാഗ്ദാനം ചെയ്യുന്നുണ്ട്.

ക്വിസുകൾ, ചോദ്യോത്തര സെഷനുകൾ, സഹപാഠികളുമായി സംവദിക്കാനുള്ള അവസരം തുടങ്ങിയവയെല്ലാം ഒടിടി സ്കൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്താം തരം, പ്ലസ് വൺ, പ്ലസ് ടൂ റെഗുലർ കോഴ്സുകളാണ് ഫ്യൂച്ചർ സിറ്റി ഒടിടി പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരത്തു നടന്ന ഉദ്ഘാടനച്ചടങ്ങിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ്കുമാർ, കേരള മീഡിയ അക്കാദമി ചെയർമാൻ ആ എസ് ബാബു, ഫ്യൂചർ സിറ്റി ചെയർമാൻ പ്രൊഫ. എം അബ്ദുൽ റഹ്മാൻ, മാനേജിങ് ഡയറക്ടർ ഫലലു എം കെ, ഡയറക്ടർമാരായ ഡോ. മൻസൂർ അലി ടി എം, കെ എം അഷറഫ്, അബ്ദുൽസമദ് ഇരിവെട്ടി തുടങ്ങിയവർ പങ്കെടുത്തു.

ഫൊട്ടോ കാപ്ഷൻ

1. ഫ്യൂച്ചർ സിറ്റി എഡ്യുടെക് വെഞ്ചേഴ്സിന്റെ ഒടിടി സ്കൂളിന്റെ ലോഞ്ചിങ് പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിക്കുന്നു



പി.എൻ. പണിക്കർ ഫൗണ്ടേഷൻ ആരോഗ്യവകുപ്പിന് കൈമാറുന്ന കോവിഡ് 19 മൊബൈൽ വാക്സിനേഷൻ സെന്ററർ മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ്ഓഫ് ചെയ്യുന്നു.

# 500 കോടി കിഫ്ബി ബോണ്ടുകൾ വൻ സ്വീകാര്യത നേടി കെഎസ്എഫ്ഇ പ്രവാസി ചിട്ടി

തിരുവനന്തപുരം: കേവലം മൂന്നുവർഷത്തിനുള്ളിൽ 500 കോടി കിഫ്ബി ബോണ്ടുകൾ എന്ന അഭിമാനകരമായ നേട്ടം കൈവരിച്ച് കെഎസ്എഫ്ഇ പ്രവാസി ചിട്ടി. ആദ്യ 250 കോടി കിഫ്ബി ബോണ്ടുകൾ നിക്ഷേപിക്കുവാൻ ചിട്ടികൾ തുടങ്ങി 24 മാസം വേണ്ടി വന്നിരുന്നു. എന്നാൽ 500 കോടിയിലെത്താൻ വെറും 10 മാസം മാത്രമാണെടുത്തത്. മാസങ്ങൾക്ക് മുന്നേ തന്നെ പ്രവാസി ചിട്ടിയിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ എണ്ണവും ഒരു ലക്ഷം കടന്നു. നിലവിൽ വിദേശത്ത് താമസിക്കുന്ന 1,02,812 പ്രവാസി മലയാളികളും ഇന്ത്യയിൽ കേരളത്തിന് പുറത്ത് താമസിക്കുന്ന 10,250 പ്രവാസി മലയാളികളുമടക്കം 1,13,062 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവാസി ചിട്ടി ലഭ്യമായ 133 രാജ്യങ്ങളിൽ 109 രാജ്യങ്ങളിൽ നിന്നും ഉപഭോക്താക്കൾ ചിട്ടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും പ്രവാസി ചിട്ടിക്ക് വരിക്കാരുണ്ട്. യുഎഇ മുതൽ ഉറുഗ്വെ വരെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും പ്രവാസി ചിട്ടികൾക്ക് വരിക്കാരുണ്ടെന്നതും അഭിമാനം പകരുന്ന വസ്തുതയാണ്. യുഎഇയിൽ നിന്നാണ് ഏറ്റവുമധികം വരിക്കാരുള്ളത്. സൗദി അറേബ്യയും ഖത്തറുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. 2018 ജൂൺ 18 ന് രജിസ്ട്രേഷനും അതേ വർഷം നവംബർ 23 ന് ചിട്ടികളും ആരംഭിച്ച കെഎസ്എഫ്ഇ പ്രവാസി ചിട്ടിയിൽ 48,825 വരിക്കാരുള്ള 1492 ചിട്ടികൾ വഴി പ്രതിമാസം 79.14 കോടിക്ക് മേൽ പ്രതിമാസ വിറ്റുവരവുള്ള ചിട്ടികളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇതുവരെ തുടങ്ങിയിട്ടുള്ള ചിട്ടികളിൽ നിന്ന് തന്നെ 2750 കോടിക്ക് മേൽ ചിട്ടി കാലാവധിയിൽ വരുമാനമുള്ള സംരംഭമായി പ്രവാസി ചിട്ടി വളർന്നിട്ടുമുണ്ട്. പ്രവാസികളെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിൽ പങ്കാളികളാക്കി അതുവഴി അവർക്ക് സാമ്പത്തിക സുരക്ഷിതത്വവും നാടിന് വികസനവും കൈവരുത്തുകയെന്ന ആശയത്തിന്റെ ഫലപ്രാപ്തിയായിരുന്നു കെഎസ്എഫ്ഇയുടെ പ്രവാസി ചിട്ടി. തുടക്കത്തിൽ പല കോണുകളിൽ നിന്നും പരിഹാസവും ആക്ഷേപവും നേരിടേണ്ടി വന്നെങ്കിലും സർക്കാരിന്റെ നിശ്ചയദാർഢ്യത്തേയും ഉദ്ദേശ്യശുദ്ധിയേയും പ്രവാസികൾ നെഞ്ചേറ്റിയെന്നതിന്റെ തെളിവാണ് കെഎസ്എഫ്ഇ പ്രവാസി ചിട്ടിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വൻ സ്വീകാര്യത.

# യുപിയിൽ തൊഴിലില്ലായ്മ രൂക്ഷം: യുവജന സംഘടനകൾ പ്രക്ഷോഭം തുടങ്ങി

ലഖ്നൗ: ഉത്തർപ്രദേശിലെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്കെതിരെ സംസ്ഥാന വ്യാപകമായി പ്രക്ഷോഭം ആരംഭിച്ച് വിദ്യാർത്ഥി യുവജന സംഘടനകൾ. തൊഴിൽ അവകാശ സമ്മേളനമെന്ന് (റോസ്ഗർ അധികാർ സമ്മേളൻ) പേരിട്ടിരിക്കുന്ന യുവജന പ്രതിഷേധം ലഖ്നൗവിൽ ആരംഭിച്ചു. ഭഗത് സിങ്ങിന്റെ പിറന്നാൾദിനമായ ഇന്നലെ തൊഴിൽ അവകാശ ദിനമായും ആചരിച്ചു. ആദിത്യനാഥിന്റെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ സംസ്ഥാനത്ത് ഒഴിഞ്ഞു കിടക്കുന്ന 25 ലക്ഷം തസ്തികകൾ നികത്തണമെന്ന് ആവശ്യപ്പെട്ടാണ് പ്രക്ഷോഭം. തൊഴിലില്ലായ്മക്കും സംസ്ഥാനത്ത് നടക്കുന്ന സ്വകാര്യവൽക്കരണത്തിനും എതിരെയുള്ള പ്രതിഷേധം വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന വ്യാപകമായി നടത്തുമെന്നും സംഘടനകൾ അറിയിച്ചു. യുപി ഭരിക്കുന്ന ബിജെപി സർക്കാർ അധികാരത്തിലേറിയതു മുതൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നില്ലെന്നാണ് പ്രതിഷേധക്കാരുടെ ആരോപണം. ഇത് ഏകദേശം 25 ലക്ഷത്തിലധികം വരും. ബ്യൂറോ ഓഫ് പൊലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ കണക്കുപ്രകാരം യുപിയിലെ പൊലീസ് സേനയിൽ മാത്രം 1,11,865 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. 70 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന വാഗ്ദാനം നൽകികൊണ്ടാണ് ബിജെപി അധികാരത്തിലേറിയത്. എന്നാൽ 2017 മുതൽ ഇതുവരെ നാല് ലക്ഷത്തിൽ താഴെ അഭ്യസ്തവിദ്യർക്ക് മാത്രമാണ് ജോലി ലഭിച്ചതെന്ന് ഓൾ ഇന്ത്യ സ്റ്റുഡൻസ് അസോസിയേഷൻ പ്രസിഡന്റ് പറഞ്ഞു.

ഇതുവരെ ജോലി ലഭിച്ചവരുടെ വിവരങ്ങൾ കൃത്യമായി പുറത്തുവിടാത്തത് ഈ രംഗത്തെ അഴിമതി സൂചിപ്പിക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സംസ്ഥാനത്ത് തൊഴിലില്ലായ്മ നിരക്ക് ഗണ്യമായി കുറഞ്ഞുവെന്ന മുഖ്യമന്ത്രി ആദിത്യനാഥിന്റെ പ്രസ്താവന വസ്തുതാവിരുദ്ധമാണ്. രാജ്യത്തെ മൊത്തം തൊഴിലില്ലായ്മയുടെ പത്ത് ശതമാനവും ഉത്തർ പ്രദേശിലാണ്. സർക്കാർ തൊഴിൽ നഷ്ടം സംബന്ധിച്ച വിവരങ്ങളിൽ വെള്ളം ചേർക്കുന്നത് അവസാനിപ്പിക്കണമെന്നും സംസ്ഥാനത്തുള്ള നിലവിലെ പ്രതിസന്ധി അംഗീകരിക്കണമെന്നും അദ്ദേഹം മുഖ്യമന്ത്രി ആദിത്യനാഥിനോട് ആവശ്യപ്പെട്ടു.

ഒക്ടോബർ 20 മുതൽ 30 വരെ യുപിയുടെ വിവിധ ഭാഗങ്ങളിൽ വിവിധ യുവജന വിദ്യാർത്ഥി സംഘടനകളെ അണിനിരത്തി റാലികൾ സംഘടിപ്പിക്കുമെന്നും അവർ അറിയിച്ചു.

# താൽക്കാലിക അധ്യാപക നിയമനം: അഭിമുഖം ഒന്നിന്

തിരുവനന്തപുരം: വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളജിൽ 2021 22 അധ്യയന വർഷത്തിൽ കെജിടിഇ പ്രിന്റിങ് ടെക്നോളജി (പ്രീ പ്രസ് ഓപ്പറേഷൻ, പ്രെസ്വർക്ക്) കോഴ്സിൽ ജൂനിയർ ഇൻസ്ട്രക്ടർ (പ്രിന്റിങ് ടെക്നോളജി) തസ്തികകളിൽ രണ്ട് അധ്യാപകരുടെ താൽക്കാലിക ഒഴിവുണ്ട്. ഒഴിവിലേയ്ക്കുള്ള അഭിമുഖം ഒക്ടോബർ ഒന്നിന് രാവിലെ 10 മണിക്ക് കോളജിൽ വച്ച് നടക്കുമെന്ന് പ്രിൻസിപ്പൾ അറിയിച്ചു. എസ്എസ്എൽസി, കെജിടിഇ കംപോസിങ് ആന്റ് പ്രൂഫ് റീഡിങ് ലോവർ, ഡിടിപി അല്ലെങ്കിൽ പ്രിന്റിങ് ടെക്നോളജി ഡിപ്ലോമ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റ് സഹിതം ഒന്നിന് കോളജിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് ०००.രു.മേര.ശി. ഫോൺ: 04712360391.

# ടോൾ പ്ലാസ സമരം തുടരുന്നു

കോവളം: കഴക്കൂട്ടം കാരോട് ഹൈവേയിലെ ടോൾ പ്ലാസ സമരം 44 ദിവസം പിന്നിട്ടു. ഇന്നലെ ധർണാ സമരം കിസാൻസഭാ കോവളം മണ്ഡലം സെക്രട്ടറി സി എസ് രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കിസാൻ സഭ നേമം മണ്ഡലം വൈസ് പ്രസിഡന്റ് ആർ ശരത്ചന്ദ്രൻ അധ്യക്ഷത വഹിച്ചു.

ബികെഎംയു ജില്ലാ സെക്രട്ടറി പാപ്പനംകോട് അജയൻ, സിപിഐ നേമം മണ്ഡലം സെക്രട്ടറി കാലടി ജയചന്ദ്രൻ, കിസാൻസഭനേമം മണ്ഡലം സെക്രട്ടറി കാലടി ശശികുമാർ, ബികെഎംയു കോവളം മണ്ഡലം സെക്രട്ടറി നെല്ലിവിള വിജയൻ, മഹിളാസംഘം ഭാരവാഹി ദീപ്തി, വെള്ളാർ സാബു, പനത്തുറ ബൈജു എന്നിവർ സംസാരിച്ചു. കിസാൻ സഭ മണ്ഡലം കമ്മിറ്റി അംഗം അജിത് കുമാർ സ്വാഗതവും ഉപനിയൂർ സുരേഷ് നന്ദിയും പ്രകാശിപ്പിച്ചു.

ഫോട്ടോ: ടോൾ പ്ലാസ സമരം കിസാൻസഭ കോവളം മണ്ഡലം സെക്രട്ടറി സി എസ് രാധാകൃഷണൻ ഉദ്ഘാടനം ചെയ്യുന്നു.

# ഉന്നത വിദ്യാഭ്യാസ രംഗത്ത് 30 മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം : ഉന്നത വിദ്യാഭ്യാസ രംഗത്ത് 30 മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ഇവ ഇന്റർയൂണിവേഴ്സിറ്റി സ്വയംഭരണ സ്ഥാപനങ്ങളായാണ് ആരംഭിക്കുക. പഠനത്തോടൊപ്പം വരുമാനം കൂടി ലക്ഷ്യമിട്ട് ഏൺ ബൈ ലേൺ പരിപാടി നടപ്പാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ശാക്തീകരിക്കുന്നതിനായി ഐഎംജിയിൽ നടക്കുന്ന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എക്സലൻസ് ആക്കുന്നതിന് നടപടി സ്വീകരിക്കും.

പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളെ തൊഴിൽദാതാക്കളായി മാറാൻ സഹായിക്കുന്ന വിധത്തിൽ ഇൻകുബേഷൻ കേന്ദ്രങ്ങളും സ്റ്റാർട്ട്അപ്പ് കേന്ദ്രങ്ങളും ആരംഭിക്കുന്നത് പാഠ്യപദ്ധതിയിൽ സർവകലാശാലകൾ ഉൾപ്പെടുത്തണമെന്നു മുഖ്യമന്ത്രി പറഞ്ഞു. എല്ലാ സർവകലാശാലകളും ചുരുങ്ങിയത് 3.5 നാക് ഗ്രേഡ് നേടുന്ന നിലയെത്തണം. ഇതിന് ഉതകും വിധം അക്കാദമിക് നിലവാരവും ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്താനാകണം.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഓരോ വകുപ്പും മികവ് പുലത്തണം.

എല്ലാ സ്ഥാപനങ്ങളിലും സമയബന്ധിതമായി പരിശോധന നടത്തണം. ഇത്തരം പരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തേണ്ട മേഖല കണ്ടെത്തി അതിനായി രൂപരേഖ തയ്യാറാക്കണം. ഇത് സമയബന്ധിതമായി പ്രായോഗികമാക്കാനുള്ള ആസൂത്രണവും നടത്തണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു അധ്യക്ഷയായി.

ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി കെ രാമചന്ദ്രൻ, ചീഫ് സെക്രട്ടറി ഡോ. വി പി ജോയ്, ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വേണു, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ രാജൻ ഗുരുക്കൾ, മെമ്പർ സെക്രട്ടറി രാജൻ വർഗീസ് എന്നിവർ സംബന്ധിച്ചു.

# സുധാകരൻ ജാഗ്രത പാലിക്കണമായിരുന്നുവെന്ന് ബെന്നി ബെഹനാൻ

കൊച്ചി: വ്യാജ പുരാവസ്തു തട്ടിപ്പ് കേസിൽ അറസ്റ്റിലായ മോൻസൺ മാവുങ്കലുമായുള്ള ബന്ധത്തിൽ കെപിസിസി അധ്യക്ഷൻ കെ സുധാകരൻ ജാഗ്രത പാലിക്കേണ്ടിയിരുന്നുവെന്ന് ബെന്നി ബെഹനാൻ.

മോൻസന്റേത് വെറും പണമിടപാട് കേസല്ല, അന്താരാഷ്ട്ര പുരാവസ്തു തട്ടിപ്പിലെ കണ്ണിയാണ് ഇയാൾ. കേന്ദ്ര ഏജൻസി സമഗ്രാന്വേഷണം നടത്തണമെന്നും ബെന്നി ബെഹനാൻ പറഞ്ഞു. കെപിസിസി പ്രസിഡണ്ട് അവിടെ പോയി എന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. ചികിത്സയുമായി ബന്ധപ്പെട്ടാണ് പോയത്. എന്നാൽ പൊതു പ്രവർത്തകർ കുറച്ച് കൂടി ജാഗ്രത പാലിക്കണം. കാരണം ഇയാൾ ഒരു ഡോക്ടർ പോലും അല്ല.

ജാഗ്രത പാലിച്ചില്ലെങ്കിൽ അപകടത്തിലേക്ക് പോകുമെന്ന് ബെന്നി ബെഹനാൻ പ്രതികരിച്ചു. ഗൗരവമായ അന്വേഷണം നടത്തിയാൽ മാത്രമേ ഇയാളുടെ തട്ടിപ്പുകൾ പുറത്തു കൊണ്ടുവരാൻ കഴിയൂ. മഞ്ഞുമലയുടെ ഒരംശം മാത്രമാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

അന്താരാഷ്ട്ര തലത്തിൽ മയക്കുമരുന്ന് കള്ളക്കടത്ത് കഴിഞ്ഞാൽ ശക്തമായ മാഫിയയാണ് പുരാവസ്തു കള്ളക്കടത്ത്. കള്ളക്കടത്ത് നടത്തിയതിനെതിരെയുള്ള അന്വേഷണമാണ് മോൻസൻ മാവുങ്കലിന് എതിരെ നടത്തേണ്ടത്.

കള്ളക്കടത്ത് സംഘത്തിന്റെ പണം രാജ്യാന്തര തലത്തിൽ തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെന്ന് വിവിധ ഏജൻസികൾ കണ്ടെത്തിയിട്ടുള്ളതാണ്.

ക്രൈംബ്രാഞ്ച് അന്വേഷണത്തിലൂടെ ഇത്തരം കാര്യങ്ങൾ പുറത്തു കൊണ്ടുവരാൻ കഴിയില്ലെന്നും ബെന്നി ബഹന്നാൻ ചൂണ്ടിക്കാട്ടി. മോൻസൺ മാവുങ്കലുമായി ബന്ധപ്പെട്ടുയർന്ന ആരോപണങ്ങളിൽ പ്രതികരണവുമായി നേരത്തെ എറണാകുളം എംപി ഹൈബി ഈഡൻ രംഗത്തെത്തിയിരുന്നു. പൊതു പ്രവർത്തകർക്ക് ഫോട്ടോകളിൽ നിന്ന് മാറി നിൽക്കാൻ കഴിയില്ല.

ഒരു തവണ മോൻസൺ മാവുങ്കലിന്റെ വീട്ടിൽ പോയിട്ടുണ്ട്. മോൻസൺ ഭാരവാഹിയായ പ്രവാസി മലയാളി ഫെഡറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ വിളിച്ചത് പ്രകാരമാണ് ആ വീട്ടിൽ പോയത്.

അതിന് ശേഷം മോൻസൺ എന്നയാളെ കണ്ടിട്ടില്ലെന്നാണ് ഹൈബി ഈഡന്റെ പ്രതികരണം.

# ബ്രിട്ടനിൽ ഇന്ധന പ്രതിസന്ധി രൂക്ഷം

## ചരക്കുവാഹന ഡ്രൈവർമാർ ഒരു ലക്ഷത്തോളം കുറവ് സഹായിക്കാൻ സൈന്യം എത്തിയേക്കും

ലണ്ടൻ: ബ്രിട്ടനിൽ ട്രക്ക് ഡ്രൈവർമാരുടെ കുറവ് കാരണം ഇന്ധന പ്രതിസന്ധി രൂക്ഷമായി. ഇതോടെ പെട്രോൾ പമ്പുകളിലേക്ക് ഇന്ധനം എത്തിക്കാൻ പ്രധാനമന്ത്രി ബോറിസ് ജോൺസൺ സൈന്യത്തിന്റെ സേവനം തേടിയേക്കും.

രാജ്യത്തെ തൊണ്ണൂറു ശതമാനം പെട്രോൾ സ്റ്റേഷനുകളിലും നിലവിൽ ഇന്ധനമില്ലാത്ത സ്ഥിതിവിശേഷമാണുള്ളതെന്ന് പെട്രോളിയം റീട്ടെയിലേഴ്സ് അസോസിയേഷൻ പറയുന്നു. ബ്രിട്ടീഷ് പെട്രോളിയത്തിന്റെ 5,500 പെട്രോൾ സ്റ്റേഷനുകളിൽ മൂന്നിലൊന്നിലും ഇന്ധനം തീർന്നിട്ടുണ്ട്.

അവശ്യസർവീസുകൾക്ക് മുൻഗണന നൽകിയാണ് നിലവിൽ ഇന്ധനം ലഭ്യമാക്കുന്നത്. ദിവസങ്ങളായി തുടരുന്ന പരിഭ്രാന്തിയോടെയുള്ള വാങ്ങിക്കൂട്ടലാണ് സ്ഥിതി കൂടുതൽ വഷളാക്കിയത്. രാജ്യത്ത് ഒരുലക്ഷത്തോളം ഡ്രൈവർമാരുടെ കുറവുണ്ടെന്നാണ് കണക്കുകൾ. 55 വയസായിരുന്നു രാജ്യത്തെ ഡ്രൈവർമാരുടെ ശരാശരി പ്രായം.

ഇതിനാൽ മുൻവർഷങ്ങളിൽ നിരവധി ഡ്രൈവർമാർ വിരമിച്ചതും പുതുതായി ജോലിയിലേക്ക് എത്തുന്നവർ കുറഞ്ഞതും ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമായി.

കോവിഡ് സാഹചര്യങ്ങൾ രാജ്യത്തെ ഡ്രൈവർ ജോലിയെ ആകർഷകമല്ലാതാക്കി. കൂടാതെ ബ്രെക്സിറ്റിന് ശേഷം നിരവധി പേർ സ്വന്തം രാജ്യങ്ങളിലേക്ക് മടങ്ങിയതും ഡ്രൈവർമാരുടെ ക്ഷാമത്തിന് കാരണമായി.

പ്രതിസന്ധി പരിഹാരത്തിനായി വാണിജ്യ സെക്രട്ടറി ക്വാസി കാർട്ടെംഗ്, ഗതാഗത സെക്രട്ടറി ഗ്രാന്റ് ഷാപ്സ്, ആഭ്യന്തര സെക്രട്ടറി പ്രീതി പട്ടേൽ എന്നിവരുൾപ്പെടെ ഉന്നതതല യോഗം ചേർന്നിരുന്നു. 75 പേർ വീതമുള്ള രണ്ട് സംഘങ്ങളായി 150 സൈനിക ഡ്രൈവർമാരെയാണ് ഇന്ധനമെത്തിക്കാൻ പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ളത്. ഈ വർഷം ഡിസംബർ 31 വരെ അവസാനിക്കുന്ന വലിയ ഭാരവാഹന ലൈസൻസുകളുടെ കാലാവധി 2022 ജനുവരി 31 വരെ നീട്ടിനൽകുകയും ചെയ്തിട്ടുണ്ട്.

ബ്രിട്ടന് പുറമെ ജർമ്മനി, പോളണ്ട് രാജ്യങ്ങളിലും ഡ്രൈവർമാരുടെ കുറവ് നേരിടുന്നുണ്ട്.

# കഴക്കൂട്ടം കടമ്പാട്ടുക്കോണം ദേശീയപാത വികസനം: പ്രത്യേക മേള ഒന്നിന്

തിരുവനന്തപുരം: കഴക്കൂട്ടം കടമ്പാട്ടുക്കോണം ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഭൂമി, കെട്ടിടം എന്നിവ നഷ്ടമായവരിൽ അവകാശ രേഖകൾ ഹാജരാക്കുവാനുള്ള കീഴ്വല്ലം, കരവാരം, നാവായിക്കുളം, മണമ്പൂർ, ഒറ്റൂർ, കീഴാറ്റിങ്ങൽ, ആറ്റിങ്ങൽ വില്ലേജുകളിൽപ്പെട്ടവർ ഒക്ടോബർ ഒന്നിന് പ്രത്യേക മേളയിൽ ഹാജരാകണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ഭൂമി സംബന്ധിക്കുന്ന രേഖകൾ, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ആധാർ, പാൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം ആറ്റിങ്ങൽ ടൗൺ യുപിഎസിൽ നടക്കുന്ന മേളയിൽ പങ്കെടുക്കേണ്ടതാണ്.

നോട്ടിക്കൽ ടൈംസ്



മലയാളം ആംഗ്യഭാഷാ അക്ഷരമാല പ്രകാശനം ഉന്നതവിദ്യാഭ്യാസ, സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഐഎംജി ഹാളിൽ നിർവഹിക്കുന്നു.

# ചലച്ചിത്ര അവാർഡ്: വിധിനിർണയ സമിതിക്ക് ദ്വിതല സംവിധാനം

## സുഹാസിനി ജൂറി ചെയർപേഴ്സൺ

തിരുവനന്തപുരം: 2020 ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ നിർണയിക്കുന്നതിന് ജൂറിയെ നിയമിച്ച് സർക്കാർ ഉത്തരവായി. അവാർഡിന് സമർപ്പിക്കപ്പെടുന്ന എൻട്രികളുടെ എണ്ണം വർധിച്ചതിന്റെ പശ്ചാത്തലത്തിൽ വിധിനിർണയ സമിതിക്ക് ദ്വിതല സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് നിയമാവലി പരിഷ്കരിച്ചതിന് ശേഷമുള്ള ആദ്യ അവാർഡാണ് ഇത്തവണത്തേത്. പ്രാഥമിക ജൂറിയിൽ എട്ട് അംഗങ്ങളും അന്തിമ ജൂറിയിൽ ഏഴ് അംഗങ്ങളുമാണുള്ളത്. നടിയും സംവിധായികയുമായ സുഹാസിനിയാണ് ജൂറി ചെയർപേഴ്സൺ. എട്ടു തവണ ദേശീയ പുരസ്കാരം നേടിയ കന്നട സംവിധായകൻ പി ശേഷാദ്രിയും പ്രമുഖ സംവിധായകൻ ഭദ്രനും പ്രാഥമിക വിധിനിർണയ സമിതിയിലെ രണ്ട് സബ് കമ്മിറ്റികളുടെ ചെയർമാൻമാരായിരിക്കും. ഇരുവരും അന്തിമ വിധിനിർണയ സമിതിയിലെ അംഗങ്ങളുമായിരിക്കും. മികച്ച എഡിറ്റർക്കുള്ള ദേശീയ അവാർഡ് രണ്ടു തവണ നേടിയ സുരേഷ് പൈ, സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവായ ഗാനരചയിതാവ് മധു വാസുദേവൻ, നിരൂപകനും കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ഇ പി രാജഗോപാലൻ, സംസ്ഥാന അവാർഡ് ജേതാവായ ഛായാഗ്രാഹകൻ ഷെഹ്നാദ് ജലാൽ, എഴുത്തുകാരി രേഖാ രാജ്, തിരക്കഥാകൃത്തും ഗാനരചയിതാവുമായ ഷിബു ചക്രവർത്തി എന്നിവരാണ് പ്രാഥമിക വിധിനിർണയസമിതിയിലെ മറ്റ് അംഗങ്ങൾ.

ഛായാഗ്രാഹകനായ സി കെ മുരളീധരൻ, മോഹൻ സിതാര, മൂന്ന് ദേശീയപുരസ്കാരം നേടിയ സൗണ്ട് ഡിസൈനർ ഹരികുമാർ മാധവൻ നായർ, നിരൂപകനും തിരക്കഥാകൃത്തുമായ എൻ ശശിധരൻ എന്നിവരാണ് അന്തിമ ജൂറിയിലെ മറ്റ് അംഗങ്ങൾ. ചലച്ചിത്ര അക്കാദമി സെക്രട്ടറി സി അജോയ് പ്രാഥമിക, അന്തിമ വിധിനിർണയ സമിതികളിൽ മെമ്പർ സെക്രട്ടറിയായിരിക്കും.

സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവും നിരൂപകനുമായ ഡോ. പി കെ രാജശേഖരനാണ് രചനാവിഭാഗം ജൂറിയുടെ ചെയർമാൻ. ചലച്ചിത്രനിരൂപകരായ ഡോ. മുരളീധരൻ തറയിൽ, ഡോ. ബിന്ദു മേനോൻ, സി. അജോയ് (മെമ്പർ സെക്രട്ടറി) എന്നിവരാണ് മറ്റ് അംഗങ്ങൾ. 80 സിനിമകളാണ് അവാർഡിന് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. ഇവയിൽ നാലെണ്ണം കുട്ടികൾക്കുള്ള ചിത്രങ്ങളാണ്. ഇന്നലെ രാവിലെ ജൂറി സ്ക്രീനിങ് ആരംഭിച്ചു.

# വമ്പൻ ടൂറിസം പദ്ധതികളുമായി അമ്പൂരി

വെള്ളറട: പാറശാല മണ്ഡലത്തിലെ ഏറ്റവും പ്രകൃതി രമണീയമായ പ്രദേശമായ അമ്പൂരിയിൽ വമ്പൻ ടൂറിസം പദ്ധതികൾ വരുന്നു. വിനോദ സഞ്ചാര വികസനത്തിന്റെ സാധ്യതകൾ തേടി അമ്പൂരിയിലെ വിവിധ പ്രദേശങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രൊജക്ട് തയാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ മൂന്നംഗ പഠന സംഘം സ്ഥലത്തെത്തി പ്രോജക്ട് റിപ്പോർട്ട് തയാറാക്കി ടൂറിസം വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. മലയോരത്തെ വിവിധ പ്രദേശങ്ങളും മലനിരകളും ഉൾപ്പെടുത്തി അഡ്വഞ്ചർ ടൂറിസം സാധ്യമാകുമോ എന്നത് സംഘം പരിശോധിച്ചു വരികയാണ്. അമ്പൂരിയെ ഒരു ടൂറിസം വില്ലേജായി ഉയർത്തുക എന്നതാണ് സി കെ ഹരീന്ദ്രൻ എംഎൽഎയുടെ നേതൃത്വത്തിൽ നടന്നുവരുന്ന പദ്ധതിയുടെ ലക്ഷ്യം. ആയുർവേദാചാര്യനായ അഗസ്ത്യ മുനിയുടെ ആശ്രമമുണ്ടായിരുന്നിടമെന്ന് വിശ്വസിക്കപ്പെടുന്ന അഗസ്ത്യാർകൂടത്തിൽ നിന്നും വെറും മുപ്പതു കിലോ മീറ്റർ ദൂരത്തായാണ് അമ്പൂരി സ്ഥിതി ചെയ്യുന്നത്. ചുറ്റും മലനിരകളാൽ ചുറ്റപ്പെട്ട്, പശ്ചിമഘട്ടത്തിന്റെ തെക്കേയറ്റത്തായാണ് അമ്പൂരിയുടെ സ്ഥാനം. അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ തെക്കുകിഴക്കു ഭാഗത്ത് തമിഴ്നാടാണ്. തെക്കുഭാഗത്ത് വെള്ളറട ഗ്രാമപഞ്ചായത്തും തെക്കുപടിഞ്ഞാറ് ആര്യങ്കോട് പഞ്ചായത്തും പടിഞ്ഞാറ് കള്ളിക്കാട് പഞ്ചായത്തുമാണ്. നെയ്യാർ വന്യമൃഗ സങ്കേതത്തിന്റെ ഭാഗമായ നിബിഡ വനത്താൽ ചുറ്റപ്പെട്ടതാണ് അമ്പൂരിയുടെ കിഴക്കുഭാഗം. നെയ്യാർ വന്യമൃഗ സങ്കേതത്തെ ജനവാസകേന്ദ്രങ്ങളിൽനിന്ന് വേർതിരിച്ചു നിർത്തുന്നത് നെയ്യാർ ജലസംഭരണിയുടെ വൃഷ്ടിപ്രദേശമാണ്. അമ്പൂരിയിലെ പ്രധാനപ്പെട്ട പ്രദേശമാണ് ദ്രവ്യപ്പാറ. മാർത്താണ്ഡവർമ്മ മഹാരാജാവിനെ ശത്രുക്കളിൽ നിന്നും രക്ഷിച്ച അമ്പൂരിയിലെ ദ്രവ്യപ്പാറ ചരിത്ര പ്രാധാന്യമർഹിക്കുന്നു. അമ്പൂരി പഞ്ചായത്തിൽ കൂട്ടമല സ്കൂളിൽ നിന്നും കുറച്ചു മാറിയാണ് ദ്രവ്യപ്പാറ. ഈ പാറയുടെ മുകളിൽ നിന്നാൽ അതിമനോഹരമായ പ്രകൃതി രമണീയത ആസ്വദിക്കാനാവും. പാറയ്ക്കു മുകളിൽ ഒരിക്കലും വറ്റാത്ത ഒരു നീരുറവയുണ്ട്. ഈ പ്രദേശം ഇന്ന് സംരക്ഷിത മേഖലയാണ്

ദ്രവ്യപ്പാറയ്ക്ക് പുറമേ അമ്പൂരി കുരിശുമല, കോട്ടാമ്പുറം, മായം കരുമാങ്കുളം, പൂരവിമല, കാരിക്കുഴി തുടങ്ങിയ ആദിവാസി സെറ്റിൽമെന്റുകൾ, പന്തപ്ലാമൂട് നടപ്പാലം, കുന്നത്തുമല, ചാക്കപ്പാറ, മാലിദ്വീപ്, മീൻമുട്ടി, ഉത്രം കയം, നെല്ലിക്കാമല, ഞണ്ടുപാറ തുടങ്ങി സഞ്ചാരികളെ ആകർഷിക്കുന്ന നിരവധി പ്രദേശങ്ങൾ ഇവിടെയുണ്ട്.

# നവരാത്രി മഹോത്സവം: യോഗം ചേർന്നു

തിരുവനന്തപുരം: നവരാത്രി മഹോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് സബ്കളക്ടറുടേയും പൊലീസിന്റേയും ആഘോഷ കമ്മിറ്റി ഭാരവാഹികളുടേയും യോഗം മന്ത്രി വി ശിവൻകുട്ടിയുടെ സാന്നിധ്യത്തിൽ സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ചേർന്നു.

കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് അച്ചടക്കത്തോടെ കാര്യങ്ങൾ ചെയ്യണമെന്ന നിർദ്ദേശമാണ് സർക്കാരിനുള്ളതെന്ന് മന്ത്രി പറഞ്ഞു. ഭക്തജനങ്ങളുടെ ആഗ്രഹവും കീഴ്വഴക്കവും പാരമ്പര്യത്തിനും ഒന്നിനും സർക്കാർ എതിരല്ല.

ആവശ്യമുള്ള ആളുകൾ മാത്രം നവരാത്രി മഹോത്സവവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവഹിക്കണം.

ആവശ്യക്കാർക്കുള്ള പാസ് പൊലീസ് വിതരണം ചെയ്യും. അതിനുള്ള അപേക്ഷ പൊലീസിന് സമർപ്പിക്കണം. ഉടവാളുമായി വരുന്ന ഭക്തർക്ക് പാറശാല, നെയ്യാറ്റിൻകര, നേമം തുടങ്ങിയ സ്ഥലങ്ങളിൽ അരമണിക്കൂർ വീതം വിശ്രമം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

വെള്ളികുതിരയെ കൊണ്ടുവരുന്ന കാര്യത്തിൽ ഭക്തർക്ക് എന്തെങ്കിലും പ്രയാസം ഉണ്ടെങ്കിൽ കലക്ടറുമായി ആലോചിച്ച് തീരുമാനം എടുക്കും.

കേരള അതിർത്തി കടന്നാൽ ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ജില്ലാ കളക്ടർ, സിറ്റി പൊലീസ് കമ്മിഷണർ, റൂറൽ എസ്പി എന്നിവരുമായി കൂടിയാലോചിച്ച് ഒരു ഉത്തരവിറക്കുമെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം സബ്കളക്ടർ, റൂറൽ എസ്പി മധു, സിറ്റി പൊലീസ് കമ്മിഷണർ ബൽറാം കുമാർ ഉപാധ്യായ, ഉദ്യോഗസ്ഥർ, നവരാത്രി ആഘോഷകമ്മിറ്റി ഭാരവാഹികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

# കോടതിയലക്ഷ്യം ഇല്ലാതാക്കാൻ നിയമനിർമ്മാണത്തിലൂടെ പോലും കഴിയില്ല: സുപ്രീം കോടതി

ന്യൂഡൽഹി: കോടതിയലക്ഷ്യ നടപടികൾക്കുള്ള അധികാരം ഇല്ലാതാക്കുന്നതിന് നിയമനിർമ്മാണത്തിലൂടെ പോലും കഴിയില്ലെന്ന് സുപ്രീം കോടതി. കോടതിയലക്ഷ്യ നടപടികൾക്ക് ശിക്ഷിക്കാനുള്ള കോടതിയുടെ അധികാരം ഭരണഘടനയിൽ നിക്ഷിപ്തമാണെന്നും അത് എടുത്തുകളയാൻ ഒരു നടപടിയിലൂടെയും സാധിക്കില്ലെന്നും കോടതി വ്യക്തമാക്കി.

സുരാസ് ഇന്ത്യ ട്രസ്റ്റ് എന്ന ഗവൺമെന്റിതര സംഘടനയുടെ ചെയർപേഴ്സൺ രാജീവ് ദയ്യ നൽകിയ ഹർജി കേൾക്കവെയാണ് ജസ്റ്റിസുമാരായ സഞ്ജയ് കിഷൻ കൗൾ, എം എം സുന്ദരേഷ് എന്നിവരടങ്ങിയ ബെഞ്ചിന്റെ നിരീക്ഷണം. വിജയം കാണില്ലെന്ന് വ്യക്തമായിട്ടും നിരന്തരമായി പൊതുതാല്പര്യഹർജികൾ നൽകുകയും പരമോന്നത നീതിപീഠത്തിന്റെ അധികാരത്തെ തുടർച്ചയായി ദുരുപയോഗം ചെയ്യുകയുമായിരുന്നു രാജീവ് ദയ്യ എന്ന് ചൂണ്ടിക്കാട്ടി, 2017ൽ സുപ്രീം കോടതി ഇയാൾക്ക് 25 ലക്ഷം രൂപ പിഴ ചുമത്തിയിരുന്നു. കോടതിയെ അപകീർത്തിപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുകയായിരുന്നു സംഘടനയുടെ പ്രവൃത്തിയെന്ന് കുറ്റപ്പെടുത്തിയാണ് കോടതി പിഴ ശിക്ഷ വിധിച്ചത്.

രാജീവ് ദയ്യ ഭരണകൂടത്തെയും ജീവനക്കാരെയും കോടതിയെയും ഉൾപ്പെടെ എല്ലാറ്റിനെയും ചെളി വാരിയെറിയുകയാണെന്ന് വാദം കേൾക്കുന്നതിനിടെ ബെഞ്ച് വ്യക്തമാക്കി.

ചുമതലകൾ നിർവഹിക്കുമ്പോൾ കോടതികളെയും കോടതി വിധികളെയും ഭയപ്പെടേണ്ടതില്ലെന്ന് പൊലീസുകാരോടുള്ള ത്രിപുര മുഖ്യമന്ത്രി ബിപ്ലബ് കുമാർ ദേബിന്റെ ആഹ്വാനം കഴിഞ്ഞ ദിവസം വിവാദമായിരുന്നു. കോടതികൾ വിധി പുറപ്പെടുവിച്ചേക്കാം. എന്നാൽ അത് നടപ്പാക്കേണ്ടത് പൊലീസുകാരാണ്. പൊലീസ് എന്റെ കീഴിലാണ്. നിങ്ങൾ ഭയപ്പെടേണ്ടതില്ലെന്നുമാണ് മുഖ്യമന്ത്രിയുടെ വിവാദ പരാമർശം. കോടതി ഉത്തരവ് ഭയമുള്ളതിനാൽ ജോലി കൃത്യമായി ചെയ്യാൻ സാധിക്കുന്നില്ലെന്ന് നിരവധി ഓഫീസർമാർ പറഞ്ഞിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് മുഖ്യമന്ത്രി വിവാദ പ്രസംഗം നടത്തിയത്.

# കിംസ് ഹെൽത്ത് ലോക ഹൃദയ ദിനാചരണം സംഘടിപ്പിച്ചു

തിരുവനന്തപുരം: ഭക്ഷണക്രമത്തെക്കുറിച്ചും ജീവിതശൈലിയെക്കുറിച്ചും അറിവുനേടാൻ ലോക ഹൃദയദിനം പ്രയോജനപ്പെടുത്തണമെന്ന് സ്പീക്കർ എം ബി രാജേഷ് പറഞ്ഞു.

കിംസ് ഹെൽത്ത് സംഘടിപ്പിച്ച ലോക ഹൃദയ ദിനാചരണവും കിംസിൽ ആൻജിയോപ്ലാസ്റ്റിയും കാർഡിയാക് സർജറിയും പൂർത്തിയാക്കിയവരുടെ ഒത്തുചേരലും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കിംസ് ഹെൽത്തിൽ നിന്ന് ആൻജിയോപ്ലാസ്റ്റിയും കാർഡിയാക് സർജറിയും വിജയകരമായി പൂർത്തിയാക്കിവരുടെ സംഗമവേദി എന്ന നിലയിൽ ശ്രദ്ധേയമായിരുന്നു ചടങ്ങ്. വിവിധ ജില്ലകളിൽ നിന്നുള്ളവരാണ് പങ്കെടുത്തത്.

രോഗമുക്തി നേടിയവർ അനുഭവങ്ങൾ സദസുമായി പങ്കുവച്ചു.

ഹൃദയസംബന്ധമായ രോഗങ്ങളാൽ വലിയ ബുദ്ധിമുട്ട് നേരിട്ട് ജീവിതത്തിലേക്ക് തിരിച്ചുവരാൻ സാധിക്കില്ലെന്ന് കരുതിയവർ ആരോഗ്യം വീണ്ടെടുത്ത അനുഭവങ്ങൾ സദസിന്റെ ശ്രദ്ധയാകർഷിച്ചു.

തുടർന്ന് ഹൃദയാരോഗ്യത്തിൻറെ പ്രാധാന്യത്തെക്കുറിച്ച് കിംസ്ഹെൽത്തിലെ ആരോഗ്യ വിദഗ്ധർ സംസാരിച്ചു.

# മാറനല്ലൂർ വൈദ്യുത ശ്മശാനത്തിൽ ഗ്യാസ് ക്രിമറ്റോറിയവും

മാറനല്ലൂർ: മാറനല്ലൂർ വൈദ്യുത ശ്മശാനത്തിൽ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഒരു കോടി 42 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന പുതിയ ഗ്യാസ് ക്രിമറ്റോറിയത്തിന്റെയും ശ്മശാന സൗന്ദര്യവൽക്കരണത്തിന്റെയും നിർമ്മാണോദ്ഘാടനംഐ ബി സതീഷ് എംഎൽഎ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ അധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ സുരേഷ്കുമാർ സ്വാഗതമാശംസിച്ചു.

നേമം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ് ചന്ദ്രൻനായർ, ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗം ശാന്ത പ്രഭാകരൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം അജികുമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, വിവിധ കക്ഷി രാഷ്ട്രീയ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# കിലെ സിവിൽ സർവീസ് അക്കാഡമി ആദ്യ റഗുലർ ബാച്ച് 19ന്

തിരുവനന്തപുരം: തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ(കിലെ) സിവിൽ സർവീസ് അക്കാഡമിയിൽ ആദ്യ റെഗുലർ ബാച്ച് ക്ലാസുകൾ ഒക്ടോബർ 19ന് ആരംഭിക്കുമെന്ന് ചെയർമാൻ കെ എൻ ഗോപിനാഥ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. തൊഴിൽമന്ത്രി വി ശിവൻകുട്ടി ക്ലാസുകൾ ഉദ്ഘാടനം ചെയ്യും. എട്ട് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. താല്പര്യമുള്ളവർക്ക് കിലെയുടെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം.അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ആശ്രിതർക്ക് 15,000 രൂപയും സംഘടിത മേഖലയിലെ തൊഴിലാളികളുടെ ആശ്രിതർക്ക് 25,000 രൂപയും മറ്റുള്ളവർക്ക് 30,000 രൂപയുമാണ് ഫീസ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ അഞ്ച്. കൈതമുക്കിലുള്ള ലേബർ വെൽഫയർ ഫണ്ട് ബോർഡ് കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് കിലെ സിവിൽ സർവീസ് അക്കാഡമി പ്രവർത്തിക്കുന്നത്.

# അനധികൃത മദ്യക്കച്ചവടം: പ്രതി പിടിയിൽ

തിരുവനന്തപുരം: അനധികൃത മദ്യക്കച്ചവടം നടത്തിയ പ്രതി പിടിയിൽ. നെടുമങ്ങാട് പനവൂർ മുളമൂട് എം എം ഹൗസിൽ നിന്നും ചുമടുതാങ്ങി എം എം ഹൗസിൽ താമസിക്കുന്ന ഷിൻഹ(36 )യെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ദിവസം രാത്രി 7.45ന് പനവൂർ കീഴേകല്ലിയോട് ഭാഗത്തു വച്ച് മദ്യ കച്ചവടം നടത്തിവരവെയാണ് ഇയാൾ പിടിയിലായത്.

നാലര ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും പ്രതിയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

നെടുമങ്ങാട് പൊലീസ് ഇൻസ്പെക്ടർ വി രാജേഷ് കുമാറിന് കിട്ടിയ രഹസ്യ വിവരത്തിന്റെഅടിസ്ഥാനത്തിൽ എസ്ഐമാരായ സുനിൽ ഗോപി, വേണു, എഎസ്ഐ രൂപേഷ് രാജ്, എസ്സിപിഒ അനിൽ കുമാർ എന്നിവർ ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

# മേജർ സിഗ്നൽ ജങ്ഷൻ; നിരാഹാര സമരം ഏഴാം ദിവസത്തിലേക്ക്

നെയ്യാറ്റിൻകര: പുറുത്തിവിളയിൽ മേജർ സിഗ്നൽ ജങ്ഷൻ വേണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് തിരുപുറം എൽഡിഎഫ് കമ്മിറ്റി സംഘടിപ്പിച്ച സമരം 25 ദിവസം പിന്നിട്ടു. സമരം ശക്തമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് ദിവസമായി നിരാഹാര സമരം നടന്നുവരികയാണ്.

ഇന്നലത്തെ നിരാഹാര സത്യാഗ്രഹ സമരം സിപിഐ മണ്ഡലം സെക്രട്ടേറിയറ്റ് അംഗം പി പി ഷിജു ഉദ്ഘാടനം ചെയ്തു. സിപിഐ(എം) ലോക്കൽ കമ്മിറ്റി അംഗം എസ് ആർ വിജയൻ അധ്യക്ഷനായ യോഗത്തിൽ ഡിവൈഎഫ്ഐ നേതാവ് സ്വാഗതം പറഞ്ഞു. സിപിഐ ലോക്കൽ കമ്മിറ്റി സെക്രട്ടറി സി ഷിബുകുമാർ, എൻസിപി നേതാവ് സൂര്യകാന്ത് തുടങ്ങിവർ സംസാരിച്ചു. ഫോട്ടോ: നിരാഹാര സത്യാഗ്രഹ സമരം സിപിഐ മണ്ഡലം സെക്രട്ടേറിയറ്റ് അംഗം പി പി ഷിജു ഉദ്ഘാടനം ചെയ്യുന്നു

# മോട്ടോർ വ്യവസായ സംരക്ഷണ സമിതി പ്രതിഷേധ സമരം 30ന്

തിരുവനന്തപുരം: മോട്ടോർ വ്യവസായ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ 30ന് രാവിലെ 10 മണി മുതൽ 11 മണിവരെ താലൂക്ക് കേന്ദ്രങ്ങളിൽ കേന്ദ്ര സർക്കാർ ഓഫീസിനു മുന്നിൽ പ്രതിഷേധ സമരം സംഘടിപ്പിക്കും.

15 വർഷമായ വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കണം, വാഹനം പൊളിക്കുന്നത് 20 വർഷമായി നീട്ടിതരണം, 20 വർഷം കഴിയുമ്പോൾ വാഹന ഉടമയ്ക്ക് നഷ്ടപരിഹാരം നൽകണം എന്നീ ആവശ്യങ്ങളുന്നയിച്ചാണ് സമരം നടത്തുന്നത്. സിഐടിയു ജില്ലാ കമ്മിറ്റി ഓഫീസിൽ കൂടിയ യോഗത്തിൽ പട്ടം ശശിധരൻ അധ്യക്ഷത വഹിച്ചു.

മോട്ടോർ സംരക്ഷണ സമിതി കൺവീനർ കെ എസ് സുനിൽകുമാർ സമരപരിപാടി വിശദീകരിച്ചു.

മോട്ടോർ വ്യവസായ സമിതിനേതാക്കളായ പി രാജേന്ദ്രകുമാർ, നാലാഞ്ചിറ ഹരി, ദാസ് ബിജു(സിഐടിയു), മൈക്കിൾ സബാസ്റ്റ്യൻ(എഐടിയുസി), പുത്തൻപള്ളി നിസാർ(ഐഎൻടിയുസി), സ്റ്റീഫൻ, ജി ബാലചന്ദ്രൻ(കെടിയുസി എം), കുമാരപുരം ഗോപൻ(യുടിയുസി), വെമ്പായം നസീർ എസ്ടിയുഎന്നിവർ സംസാരിച്ചു.

# ബിഹാറിൽ ആസിഡ് ആക്രമണത്തിനിരയായ ദളിത് ബാലൻ മരിച്ചു

ന്യൂഡൽഹി: ബിഹാറിൽ ആസിഡ് ആക്രമണത്തിനിരയായ പതിനാലു വയസുകാരനായ ദളിത് ബാലൻ മരിച്ചു. ക്രിസ്ത്യൻ ദളിത് വിഭാഗമായ കുട്ടിയുടെ കുടുംബത്തിന് പ്രദേശത്തെ ഹിന്ദു വിഭാഗങ്ങളിൽ നിന്ന് എതിർപ്പുണ്ടായിരുന്നതായും ഈ സംഘത്തിൽപ്പെട്ടവരാണ് ആക്രമണത്തിന് പിന്നിലെന്നും കുടുംബം ആരോപിച്ചു. എന്നാൽ കുടുംബ വഴക്കിനെ തുടർന്ന് കുട്ടി ആത്മഹത്യ ചെയ്തുവെന്നാണ് പൊലീസ് പറയുന്നത്. ഓഗസ്റ്റ് 11 നായിരുന്നു സംഭവം. അഞ്ച് വർഷം മുമ്പാണ് ഇവർ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തത്.

പള്ളിയിൽ പോകുന്നതിനുൾപ്പെടെ പ്രദേശത്തെ ഹിന്ദുത്വ പ്രവർത്തകർ പലതവണ ഭീഷണിപ്പെടുത്തിയിരുന്നതായും കുടുംബാംഗങ്ങൾ പറഞ്ഞു.

പരാതി നൽകിയിരുന്നെങ്കിലും ഇവർക്കെതിരെ കേസെടുക്കാൻ പൊലീസ് തയാറായില്ലെന്നും അവർ കൂട്ടിച്ചേർത്തു. സഹോദരനോടോപ്പം സാധനങ്ങൾ വാങ്ങുന്നതിനായി പുറത്ത് പോയ കുട്ടി നിലവിളിച്ചുകൊണ്ടാണ് വീട്ടിലേക്ക് വന്നതെന്ന് പിതാവ് പറയുന്നു. ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ 70ശതമാനത്തോളം പൊള്ളൽ കുട്ടിയുടെ ശരീരത്തിലുണ്ടായിരുന്നു. കുട്ടിയുടെ മരണവിവരം അറിയച്ചതിനെ തുടർന്ന് ആശുപത്രിയിലെത്തിയ പൊലീസ് വിഷയത്തിൽ പരാതിയില്ലെന്ന് എഴുതി നൽകാൻ കുടുംബത്തെ നിർബന്ധിച്ചിരുന്നതായി കുട്ടിയെ ചികിത്സിച്ച ഡോക്ടറും വ്യക്തമാക്കിയിരുന്നു.

# മുൻഗണനാ കാർഡ് വിതരണം ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: അനർഹർ കൈവശം വച്ചിരുന്നതും സർക്കാരിന്റെ അഭ്യർത്ഥനയെ തുടർന്ന് തിരികെ ഏൽപ്പിക്കപ്പെട്ടതുമായ മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ അർഹരായവർക്ക് വിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് ധനകാര്യ വകുപ്പമന്ത്രി കെ എൻ ബാലഗോപാൽ നിർവഹിക്കും. രാവിലെ 11ന് പാളയം മഹാത്മാ അയ്യൻകാളി ഹാളിലാണ് പരിപാടി.

നിലവിൽ ഇത്തരത്തിലുള്ള 1,20,000 ത്തോളം കാർഡുകളാണ് സർക്കാരിലേക്ക് തിരികെ ലഭിച്ചത്. ഭക്ഷ്യമന്ത്രി ജി ആർ അനിൽ അധ്യക്ഷനാകുന്ന പരിപാടിയിൽ ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു, ശശി തരൂർ എം പി, മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടിക്കാറാം മീണ, സിവിൽ സപ്ലൈസ് കമ്മിഷണർ ഡോ. ഡി സജിത് ബാബു തുടങ്ങിയവരും വിവിധ ജനപ്രതിനിധികളും പങ്കെടുക്കും.

NAUTICAL TIMES KERALA | Thiruvananthapuram | RNI.Reg,No. KERBIL/2018/77391 | 2021 SEPTEMBER 30 THURSDAY | 4



ആശ്രാമം സർക്കാർ അതിഥിമന്ദിരത്തിൽ നടന്ന വനിതാ കമ്മീഷൻ അദാലത്ത്

# കോവിഡ് നിയന്ത്രണം സുശക്തമായി തുടരും

കോവിഡ് സാന്നിദ്ധ്യം തുടരുന്ന പശ്ചാത്തലത്തിൽ വിദ്യാർഥികൾക്ക് സുരക്ഷിതമായ പഠന സാഹചര്യം ഉറപ്പുവരുത്തുമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഇതിനായി നടപ്പിലാക്കുമെന്ന് സ്കൂൾ തുറക്കുന്നതിന്റെ മുന്നൊരുക്കങ്ങൾ വിലിയരുത്താൻ ചേർന്ന വകുപ്പ് മേധാവികളുടെ യോഗത്തിൽ വ്യക്തമാക്കി.

കോവിഡ് ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സ്കൂളുകളിലെ സ്ഥിതിഗതികൾ വിലയിരുത്തി. അവ മാറ്റിസ്ഥാപിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം. ശുചിത്വമിഷൻ പഞ്ചായത്ത് തല കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തി നിർവഹിക്കണം. സ്കൂളുകളിൽ പ്രവർത്തിക്കുന്ന വാക്സിനേഷൻ കേന്ദ്രങ്ങൾ ഒക്ടോബർ 15ന് മുമ്പായി മാറ്റി സ്ഥാപിക്കും.

കോളജുകളിൽ എൻ.എസ്.എസ്, എൻ.സി.സി വോളണ്ടിയർമാരുടെ സഹകരണത്തോടെ ഒക്ടോബർ 20ന് മുമ്പ് ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചു. കെ.എസ്.ആർ.ടി.സി സർവീസുകളുടെ എണ്ണം വർദ്ധിപ്പിക്കും. സ്കൂളുകളിൽ പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് പാക്കിംഗ് കേന്ദ്രങ്ങളും മാറ്റി സ്ഥാപിക്കും. പുറത്തുനിന്നുള്ളവരെ സ്കൂളുകളിൽ പരിമിതമായി പ്രവേശിപ്പിക്കും. പൊതു ചടങ്ങുകളും കൂട്ടംചേരലും സ്കൂളിനുള്ളിൽ അനുവദിക്കില്ല.

അധ്യാപകർ, അനദ്ധ്യാപകർ, കെ.എസ്.ആർ.ടി.സി, സ്വകാര്യബസ് ജീവനക്കാർ തുടങ്ങിയവരുടെ വാക്സിനേഷനും സമയബന്ധിതമായി നടപ്പിലാക്കണം. സ്കൂൾ പരിധിയിലും വിദ്യാർഥികളുടെ യാത്രാമാർഗത്തിലും കോവിഡ് മാനദണ്ഡ പാലനം ഉറപ്പുവരുത്തണം. പി.ടി.എ, വിദ്യാർത്ഥി പ്രതിനിധികൾ, തദ്ദേശഭരണ പ്രതിനിധികൾ, എസ്.എച്ച്.ഒമാർ എന്നിവരെ ഉൾപ്പെടുത്തിയുള്ള കമ്മിറ്റി ഇതിനായി രൂപീകരിക്കും. സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സേവനവും പ്രയോജനപ്പെടുത്തും.

ബസ്, ഓട്ടോറിക്ഷകൾ തുടങ്ങിയ പൊതുഗതാഗത സംവിധാനങ്ങൾ പരിശോധിക്കാൻ പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവയ്ക്ക് നിർദ്ദേശം നൽകി. ആയിരത്തി മുന്നൂറോളം സ്കൂൾ ബസുകളുടെ ഫിറ്റ്നസ് പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുകയും വേണം.

നിയന്ത്രണങ്ങളിൽ ഇളവ് വന്നതിനാൽ രോഗവ്യാപനത്തോത് കുറയ്ക്കുന്നതിന് ക്വാറന്റൈൻ ലംഘനങ്ങൾ തടയുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. നിർദേശങ്ങൾ പാലിക്കാത്തവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കും.

ക്വാറന്റൈൻ ലംഘനങ്ങൾ പോലീസിനെ അറിയിക്കുന്നതിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ആശാവർക്കർമാർ എന്നിവരുടെ സേവനം വിനിയോഗിക്കും.

അസിസ്റ്റന്റ് കലക്ടർ ഡോ. അരുൺ എസ്. നായർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. ശ്രീലത, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. ആർ. സന്ധ്യ, ജില്ലാ ശുചിത്വമിഷൻ കോ ഓർഡിനേറ്റർ സൗമ്യ ഗോപാലകൃഷ്ണൻ, കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഗീതാമണി, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, അഡീഷണൽ എസ്.പി മാരായ ജോസി ചെറിയാൻ, മധുസൂദനൻ, ജോയിന്റ് ആർടിഒ വി. ജോയ് തുടങ്ങിയവർ പങ്കെടുത്തു.

## നവരാത്രി മഹോത്സവം: യോഗം ചേർന്നു

തിരുവനന്തപുരം: നവരാത്രി മഹോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് സബ്കളക്ടറുടേയും പൊലീസിന്റേയും ആഘോഷ കമ്മിറ്റി ഭാരവാഹികളുടേയും യോഗം മന്ത്രി വി ശിവൻകുട്ടിയുടെ സാന്നിധ്യത്തിൽ സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ചേർന്നു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് അച്ചടക്കത്തോടെ കാര്യങ്ങൾ ചെയ്യണമെന്ന നിർദ്ദേശമാണ് സർക്കാരിനുള്ളതെന്ന് മന്ത്രി പറഞ്ഞു.

ഭക്തജനങ്ങളുടെ ആഗ്രഹവും കീഴ്വഴക്കവും പാരമ്പര്യത്തിനും ഒന്നിനും സർക്കാർ എതിരല്ല. ആവശ്യമുള്ള ആളുകൾ മാത്രം നവരാത്രി മഹോത്സവവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവഹിക്കണം. ആവശ്യക്കാർക്കുള്ള പാസ് പൊലീസ് വിതരണം ചെയ്യും. അതിനുള്ള അപേക്ഷ പൊലീസിന് സമർപ്പിക്കണം. ഉടവാളുമായി വരുന്ന ഭക്തർക്ക് പാറശാല, നെയ്യാറ്റിൻകര, നേമം തുടങ്ങിയ സ്ഥലങ്ങളിൽ അരമണിക്കൂർ വീതം വിശ്രമം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്. വെള്ളികുതിരയെ കൊണ്ടുവരുന്ന കാര്യത്തിൽ ഭക്തർക്ക് എന്തെങ്കിലും പ്രയാസം ഉണ്ടെങ്കിൽ കലക്ടറുമായി ആലോചിച്ച് തീരുമാനം എടുക്കും.

കേരള അതിർത്തി കടന്നാൽ ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ജില്ലാ കലക്ടർ, സിറ്റി പൊലീസ് കമ്മിഷണർ, റൂറൽ എസ്പി എന്നിവരുമായി കൂടിയാലോചിച്ച് ഒരു ഉത്തരവിറക്കുമെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം സബ്കളക്ടർ, റൂറൽ എസ്പി മധു, സിറ്റി പൊലീസ് കമ്മിഷണർ ബൽറാം കുമാർ ഉപാധ്യായ, ഉദ്യോഗസ്ഥർ, നവരാത്രി ആഘോഷകമ്മിറ്റി ഭാരവാഹികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

# നിർബന്ധിത മതപരിവർത്തനത്തിനെതിരെ നിയമ നിർമ്മാണം നടത്താൻ കർണാടക

ബംഗളൂരു: നിർബന്ധിത മത പരിവർത്തനത്തിനെതിരെ നിയമനിർമ്മാണത്തിനൊരുങ്ങി കർണാടക സർക്കാർ. നിർബന്ധിത മതപരിവർത്തനം തടയാനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിച്ചേക്കുമെന്ന് കർണാടക മുഖ്യമന്ത്രി ബാസവരാജ് ബൊമ്മെ പറഞ്ഞു. ഇത്തരം സംഭവങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണെന്നും ബൊമ്മെ അവകാശപ്പെട്ടു. തിങ്കളാഴ്ച യാദഗിരിയിലെ നീലഹള്ളി ഗ്രാമത്തിൽ ആളുകളെ നിർബന്ധിച്ച് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ ശ്രമിച്ചതിന് കർണാടക പൊലീസ് നാലു പേരെ അറസ്റ്റ് ചെയ്തിരുന്നു. ഈ സംഭവത്തെപറ്റി ചോദിച്ചപ്പോഴാണ് നിർബന്ധിത മതപരിവർത്തനം നിരോധിക്കാൻ സർക്കാർ ആലോചിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കിയത്. പ്രേരണയിലൂടെയോ ബലപ്രയോഗത്തിലൂടെയോ ഉള്ള മതപരിവർത്തനം അനുവദിക്കരുതെന്ന് ജില്ലാ ഭരണകൂടങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

നിയമസഭയിൽ സംസ്ഥാന ആഭ്യന്തര മന്ത്രി അരഗ ജ്ഞാനേന്ദ്ര സമാനമായ പ്രസ്താവന നടത്തിയിരുന്നു. ഇത് കഴിഞ്ഞ് എട്ടു ദിവസങ്ങൾക്ക് ശേഷമാണ് ബാസവരാജ് ബൊമ്മെയും ഇത്തരത്തിലൊരു പ്രസ്താവന നടത്തുന്നതെന്നതും ശ്രദ്ധേയമാണ്. മതപരിവർത്തനത്തിന്റെ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഒരു മതത്തിൽ നിന്ന് മറ്റൊന്നിലേക്ക് ആളുളെ നിർബന്ധിച്ച് മതം മാറ്റുന്നത് ശിക്ഷാർഹമായ കുറ്റമാണ്. അത്തരം പ്രവർത്തനങ്ങൾക്കെതിരായി വേണ്ട നടപടി സ്വീകരിക്കും. ആവശ്യമായ ജാഗ്രതയും പാലിക്കും. രാജ്യത്തുടനീളം മതപരിവർത്തനത്തിനായി വലിയൊരു ശൃംഖല തന്നെ പ്രവർത്തിക്കുന്നുണ്ട്. അതിന് ചുക്കാൻ പിടിക്കുന്നവരെ നിയന്ത്രിക്കാനായി ഉടനെ മതപരിവർത്തന വിരുദ്ധ ബിൽ കൊണ്ടുവരുമെന്നും കർണാടക ആഭ്യന്തരമന്ത്രി അരഗ ജ്ഞാനേന്ദ്ര നിയമസഭയിൽ പറഞ്ഞിരുന്നു. ഹൊസ്ദുർഗയിൽ നിന്നുള്ള ബിജെപി എംഎൽഎ ഗുളിഹട്ടി ശേഖറും സംസ്ഥാനത്ത് നിർബന്ധിത മതപരിവർത്തനം വ്യാപകമാണെന്ന് നിയമസഭയിൽ പറഞ്ഞതായി ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്യുന്നു. സ്വന്തം അമ്മ ഉൾപ്പെടെ 15,000 മുതൽ 20,000 വരെ ആളുകൾ തന്റെ മണ്ഡലത്തിൽ ക്രിസ്തുമതം സ്വീകരിച്ചതായി അദ്ദേഹം അവകാശപ്പെട്ടു. ചില സംഘടനകളിലൂടെ വിദേശ മിഷനറിമാർ ആസൂത്രിതമായി മതപരിവർത്തനം നടത്തുകയാണെന്ന് മറ്റൊരു ബിജെപി എംഎൽഎ കെജി ബൊപ്പയ്യ ആരോപിച്ചു. ഗുജറാത്ത്, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ നിർബന്ധിത മതപരിവർത്തന നിരോധന നിയമം പാസാക്കിയിരുന്നു. എന്നാൽ ഓഗസ്റ്റ് 19 ന് ഗുജറാത്ത് ഹൈക്കോടതി സംസ്ഥാന സർക്കാർ കൊണ്ടുവന്ന നിയമത്തിലെ പല വകുപ്പുകളും സ്റ്റേ ചെയ്യാൻ ഉത്തരവിട്ടു.

## അനധികൃത സ്വത്ത് സമ്പാദനം റയിൽവേ എൻജിനീയറുടെ 3.44 കോടിയുടെ സ്വത്തുക്കൾ കണ്ടുകെട്ടി

ന്യൂഡൽഹി: അനധികൃത സ്വത്ത് സമ്പാദനക്കേസിൽ പട്നയിൽ റയിൽവേ എൻജിനീയറുടെ 3.44 കോടി രൂപയുടെ സ്വത്തുവകകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കണ്ടുകെട്ടി. കള്ളപ്പണം വെളുപ്പിക്കൽ നിയമപ്രകാരം ആണ് കിഴക്കൻ റയിൽവേയുടെ ജമാൽപൂർ റയിൽവേ വർക്ക്ഷോപ്പിലെ സീനിയർ സെക്ഷൻ എൻജിനീയർ ചന്ദേശ്വർ പ്രസാദ് യാദവിന്റെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും 3.44 കോടി രൂപയുടെ സ്ഥാവര ജംഗമ വസ്തുവകകൾ പിടിച്ചെടുത്തത്.

പട്ന സിബിഐയും അഴിമതി വിരുദ്ധ ബ്യൂറോയും രജിസ്റ്റർ ചെയ്ത എഫ്ഐആറിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തിയത്.

യാദവിന്റെയും കുടുംബാംഗങ്ങളുടെയും ബാങ്ക് അക്കൗണ്ടുകളിൽ 2.37 കോടി രൂപ (2,37,96,990)യുടെ വൻ നിക്ഷേപമെത്തിയതായി അന്വേഷണത്തിൽ കണ്ടെത്തി. കേസിൽ കൂടുതൽ അന്വേഷണം നടക്കുകയാണ്. റയിൽവേ വർക്ക്ഷോപ്പിലെ വാഗണുകളും ആക്രിസാധനങ്ങളും മോഷ്ടിച്ചുവെന്ന കുറ്റത്തിന് 2017 18 ൽ റയിൽവേ എൻജിനീയറായിരുന്ന ചന്ദേശ്വർ പ്രസാദ് യാദവിനെ അറസ്റ്റുചെയ്തിരുന്നതായി ഇഡി ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു

## നിംസ് മെഡിസിറ്റിയിൽ സൗജന്യ ഹൃദ്രോഗ നിർണയ ക്യാമ്പ്

തിരുവനന്തപുരം: ലോക ഹൃദയാരോഗ്യ ദിനത്തോടനുബന്ധിച്ച് നിംസ് മെഡിസിറ്റിയിൽ വച്ച് സൗജന്യ ഹൃദയാരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പ് ഇന്നും തുടരും. ശ്വാസതടസം, നെഞ്ചുവേദന, തോൾവേദന, അസിഡിറ്റി, കഴുത്തിനും താടിയെല്ലിനും വേദന, ക്ഷീണം, തളർച്ച, സ്ഥിരമായുള്ള ചുമ, തുടങ്ങിയ ഹൃദ്രോഗ ലക്ഷണങ്ങൾക്കെല്ലാം ക്യാമ്പിൽ ചികിത്സക്കായി എത്താവുന്നതാണ്. രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 300 പേർക്ക് ഇസിജി, ബിപി, ജിആർബിഎസ് എന്നിവ സൗജന്യമായും രജിസ്റ്റർ ചെയ്യുന്ന ആദ്യ 100 പേർക്ക് എക്കോ സൗജന്യമായും ടിഎംടി, ലാബ് പരിശോധനകൾക്ക് 50 ശതമാനം ഇളവും ലഭിക്കും.

ക്യാമ്പിൽ പങ്കെടുക്കുന്ന രോഗികളിൽ നിന്നും 50 പേർക്ക് സൗജന്യ ആഞ്ചിയോഗ്രാമും തെരഞ്ഞെടുക്കുന്ന നിർധനരായ രോഗികൾക്ക് സൗജന്യ ശസ്ത്രക്രിയയും നടപ്പിലാക്കും. ക്യാമ്പിൽ പങ്കെടുക്കുന്നവർ രാവിലെ 8 .30 നു തന്നെ നിംസ് മെഡിസിറ്റിയിൽ എത്തിച്ചേരേണ്ടതാണ്. ക്യാമ്പിന് നിംസ് ഹാർട്ട് ഫൗണ്ടേഷൻ ഡയറക്ടർ ഡോക്ടർ മധു ശ്രീധർ നേതൃത്വം നൽകും. ഡോക്ടർ മഹാദേവൻ, ഡോക്ടർ ആഷർ എന്നിസ് നായഗം, ഡോക്ടർ കിരൺ ഗോപിനാഥ്, തുടങ്ങിയവരും സംഘത്തിലുണ്ടാകും. ക്യാമ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് 9388243399, 9447247772എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

ആശാവർക്കർ ഒഴിവ്

നിലമേൽ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ ഒരു ആശാവർക്കറുടെ ഒഴിവുണ്ട്. അതേ വാർഡിൽ സ്ഥിരതാമസക്കാരായ 25 നും 45 നും ഇടയിൽ പ്രായമുള്ള വിവാഹിതരായ സ്ത്രീകൾക്ക് അപേക്ഷിക്കാം. യോഗ്യത എട്ടാം ക്ലാസ്. ഒക്ടോബർ ആറിന് വൈകിട്ട് നാലിനു മുൻപായി നിലമേൽ സാമൂഹ്യ ആരോഗ്യ കേന്ദ്രം ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ 0474 2433990.

# നിംസ് സൗജന്യ ഹൃദയാരോഗ്യ മേളകൾ മാതൃകാപരം: മന്ത്രി വി ശിവൻകുട്ടി

നെയ്യാറ്റിൻകര: ലോക ഹൃദയദിനത്തോടനുബന്ധിച്ച് നിംസ് ഹാർട്ട് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സൗജന്യ ഹൃദയാരോഗ്യമേള നിംസിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. നിംസ് ഹാർട്ട് ഫൗണ്ടേഷന്റെ ഹൃദയാരോഗ്യമേളകൾ മറ്റ് സ്വകാര്യ ആശുപത്രികൾക്കും വഴികാട്ടട്ടെ എന്ന് പ്രത്യാശിക്കുന്നതായി മന്ത്രി അഭിപ്രായപ്പെട്ടു.

വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്കുള്ള നിംസ് ഉപഹാരസമർപ്പണവും മഹാരോഗ വേളയിൽ ആതുര സേവനങ്ങളിൽ മുഴുകിയ എല്ലാ കോവിഡ് പോരാളികൾക്കും നിംസ് നഴ്സിങ് വിദ്യാർത്ഥികളുടെ സ്നേഹാദരങ്ങളോട് കൂടിയുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുന്ന വീഡിയോ പ്രകാശന കർമ്മവും മന്ത്രി നിർവഹിച്ചു. കേരളത്തിന്റെ ജനസാന്ദ്രതയെ മുന്നിൽ കണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് കൈക്കൊണ്ട നിയന്ത്രണങ്ങളും മാനദണ്ഡങ്ങളും ശരിവയ്ക്കുന്നതാണ് പുതിയ റിപ്പോർട്ടുകളെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച നിംസ് മെഡിസിറ്റി മാനേജിങ് ഡയറക്ടർ എം എസ് ഫൈസൽ ഖാൻ അഭിപ്രായപ്പെട്ടു.

മുൻ ഡിസിസി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, നെയ്യാറ്റിൻകര മേഖല എസ്എൻഡിപി സെക്രട്ടറി ആവണി ശ്രീകണ്ഠൻ, നെയ്യാറ്റിൻകര മുനിസിപ്പൽ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജോസ് ഫ്രാങ്ക്ളിൻ, ഗോപി കൃഷ്ണൻ, നിംസ് ജനറൽ മാനേജർ ഡോക്ടർ കെ എ സജു, അഡ്മിനിസ്ട്രേറ്റീവ് കോ ഓർഡിനേറ്റർ ശിവകുമാർ രാജ് തുടങ്ങിയവർ സംബന്ധിച്ചു.

ഫോട്ടോ: ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് നിംസ് ഹാർട്ട് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സൗജന്യ ഹൃദയാരോഗ്യ മേള വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

## സോണൽ ഓഫീസ് ക്രമക്കേട് ഒരു ജീവനക്കാരനെ കൂടി സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം : നഗരസഭ ശ്രീകാര്യം സോണൽ ഓഫീസിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് എല്ലാ സോണൽ ഓഫീസിലും കർശന പരിശോധന നടത്താൻ സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് മേയർ ആവശ്യപ്പെട്ടതനുസരിച്ച് പരിശോധന പുരോഗമിക്കുകയാണ്. ആദ്യം ക്രമക്കേട് കണ്ടെത്തിയ ശ്രീകാര്യം സോണലിലെ രണ്ട് ജീവനക്കാരെയും തുടർന്ന് നേമം സോണലിലെ രണ്ട് ജീവനക്കാരെയും സസ്പെൻഡ് ചെയ്തിരുന്നു. ആറ്റിപ്ര സോണൽ ഓഫീസിൽ നിന്ന് ഒരു ദിവസത്തെ നികുതി പിരിവ് തുക അപഹരിച്ചതായി കണ്ടെത്തിയ ഓഫീസ് അറ്റൻഡൻറിനെ ഇന്ന് സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തു. ആ ദിവസം ആറ്റിപ്രയിൽ ചാർജ്ജ് ഓഫീസറായിരുന്ന ജീവനക്കാരി സ്ഥലംമാറി പോയതിനാൽ ടിയാൾക്കെതിരെ നടപടിയെടുക്കാൻ നഗരകാര്യ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇനി 4 സോണലുകളിലെ പരിശോധന റിപ്പോർട്ട് കൂടി ലഭിക്കാനുണ്ടെന്നും അഴിമതിരഹിത നഗരഭരണം നടത്തുന്നതിൽ ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണെന്നും മേയർ അറിയിച്ചു. നഗരസഭയുടെ നിർദ്ദേശ പ്രകാരം ക്രമക്കേടുകൾ കണ്ടെത്തിയ സോണലുകളിൽ പണാപഹരണത്തിന് ഉൾപ്പെടെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മേയർ അറിയിച്ചു.

# വിജയ് മക്കൾ ഇയക്കം പിരിച്ചു വിട്ടുവെന്ന് എസ്എ ചന്ദ്രശേഖർ

ചെന്നൈ: നടൻ വിജയ്‌യുടെ പേരിൽ രൂപീകരിച്ച രാഷ്ട്രീയ പാർട്ടിയായ വിജയ് മക്കൾ ഇയക്കം പിരിച്ചു വിട്ടതായി നടന്റെ പിതാവ്. ചെന്നൈ സിവിൽ കോടതിയിൽ വിജയ്‌യുടെ അച്ഛൻ എസ്എ ചന്ദ്രശേഖർ സമർപ്പിച്ച സത്യവാങ്മൂലത്തിലാണ് പാർട്ടി പിരിച്ചു വിട്ടതായി അറിയിച്ചിരിക്കുന്നത്.

2021 ഫെബ്രുവരി 28ന് ജനറൽ ബോഡി യോഗം ചേർന്നുവെന്നും ഈ യോഗത്തിൽ പാർട്ടി പിരിച്ചുവിടാൻ തീരുമാനിച്ചതായും സത്യവാങ്മൂലത്തിൽ പറയുന്നു. തന്റെ പേരിൽ രാഷ്ട്രീയ പാർട്ടി രൂപീകരിക്കുന്നത് വിലക്കണമെന്നാവശ്യപ്പെട്ട് മാതാപിതാക്കൾ ഉൾപ്പെടെ പതിനൊന്ന് പേർക്കെതിരെ വിജയ് കോടതിയെ സമീപിച്ചതിന് പിന്നാലെയാണ് നടപടി.

ഹർജിയിൽ പറയുന്ന വിജയ് മക്കൾ ഇയക്കത്തിന്റെ ഭാരവാഹികളായ പത്ത് പേരും രാജിക്കത്ത് നൽകിയതായും എസ്എ ചന്ദ്രശേഖർ കോടതിയെ അറിയിച്ചു. വിജയ് മക്കൾ ഇയക്കം ഇനി ഇല്ലെന്നും തങ്ങളാരും ഇതിൽ അംഗങ്ങളല്ലെന്നും വ്യക്തമാക്കിയ സത്യവാങ്മൂലത്തിൽ നടൻ വിജയിയുടെ ആരാധകരായി തങ്ങൾ തുടരുമെന്നും എസ്എ ചന്ദ്രശേഖർ സത്യവാങ്മൂലത്തിൽ പറയുന്നു.

2020 ലാണ് വിജയ് മക്കൾ ഇയക്കം എന്ന രാഷ്ട്രീയ പാർട്ടി എസ്എ ചന്ദ്രശേഖർ രൂപീകരിച്ചത്. തെരഞ്ഞെടുപ്പ് കമ്മിഷനിലും ഇതേ പേരിൽ രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ ഇതിനെതിരെ വിജയ് രംഗത്തെത്തി. പിതാവ് രജിസ്റ്റർ ചെയ്ത രാഷ്ട്രീയ പാർട്ടിയുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്നും ആരാധകർ ഈ പാർട്ടിയുമായി സഹകരിക്കരുതെന്നും താരം വ്യക്തമാക്കിയിരുന്നു.

# മുകുൾ റോയിയുടെ അയോഗ്യത സംബന്ധിച്ച് തീരുമാനമറിയിക്കാൻ ഹൈക്കോടതി നിർദ്ദേശം

കൊൽക്കത്തെ: തൃണമൂൽ എംഎൽഎ മുകുൾ റോയിയുടെ സഭാംഗത്വ അയോഗ്യത സംബന്ധിച്ച ഹർജിയിൽ തീരുമാനം അറിയിക്കാൻ പശ്ചിമ ബംഗാൾ സ്പീക്കർക്ക് നിർദ്ദേശം നൽകി കൽക്കട്ട ഹൈക്കോടതി. കേസിന്റെ അടുത്തവാദം കേൾക്കുന്ന ഒക്ടോബർ ഏഴിന് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശം. മുകുൾ റോയിയെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായി നിയമിച്ച ഉത്തരവിനെ ചോദ്യം ചെയ്ത് ബിജെപി എംഎൽഎ അംബിക റോയി നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

ആക്ടിങ് ചീഫ് ജസ്റ്റിസ് രാജേഷ് ബിന്ദാൾ, ജസ്റ്റിസ് രാജർഷി ഭരദ്വാജ് എന്നിവരടങ്ങിയ ബെഞ്ചാണ് വാദം കേട്ടത്. അയോഗ്യത സംബന്ധിച്ച ഹർജികളിൽ മൂന്ന് മാസത്തിനകം തീർപ്പുകൽപിക്കണമെന്നാണ് സുപ്രീം കോടതിയുടെ വിധി. നിയമസഭയിലെ ഒരു അംഗത്തെ അയോഗ്യനാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ അന്തിമ തീരുമാനമെടുക്കാനുള്ള സ്പീക്കറുടെ അധികാരം അർദ്ധജുഡീഷ്യൽ സ്വഭാവമുള്ളതാണെന്നും വിഷയം ജുഡീഷ്യൽ അവലോകനത്തിന് വിധേയമാണെന്നും കോടതി പറ!ഞ്ഞു . മുകുൾ റോയിയെ പിഎസി ചെയർമാനായി നിയമിക്കാൻ തീരുമാനിക്കുന്നതിന് മുമ്പ് സ്പീക്കർ നിലനിൽക്കുന്ന അയോഗ്യത ഹർജിയിൽ തീരുമാനമെടുക്കണമായിരുന്നുവെന്നും കോടതി ചൂണ്ടിക്കാട്ടി.

ജൂൺ 17 ന് ബിജെപി എംഎൽഎ സുവേന്ദു അധികാരിയാണ് റോയിയെ അയോഗ്യനാക്കണമെന്ന് കാണിച്ച് സ്പീക്കർക്ക് അപേക്ഷ നൽകിയത്.

# കിലെ സിവിൽ സർവീസ് അക്കാഡമി ആദ്യ റെഗുലർ ബാച്ച് 19ന്

തിരുവനന്തപുരം: തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ(കിലെ) സിവിൽ സർവീസ് അക്കാഡമിയിൽ ആദ്യ റെഗുലർ ബാച്ച് ക്ലാസുകൾ ഒക്ടോബർ 19ന് ആരംഭിക്കുമെന്ന് ചെയർമാൻ കെ എൻ ഗോപിനാഥ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. തൊഴിൽമന്ത്രി വി ശിവൻകുട്ടി ക്ലാസുകൾ ഉദ്ഘാടനം ചെയ്യും.

എട്ട് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. താല്പര്യമുള്ളവർക്ക് കിലെയുടെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം.അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ആശ്രിതർക്ക് 15,000 രൂപയും സംഘടിത മേഖലയിലെ തൊഴിലാളികളുടെ ആശ്രിതർക്ക് 25,000 രൂപയും മറ്റുള്ളവർക്ക് 30,000 രൂപയുമാണ് ഫീസ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ അഞ്ച്.

കൈതമുക്കിലുള്ള ലേബർ വെൽഫയർ ഫണ്ട് ബോർഡ് കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് കിലെ സിവിൽ സർവീസ് അക്കാഡമി പ്രവർത്തിക്കുന്നത്.

## പ്രധാനമന്ത്രി സ്വീകരിച്ച സമ്മാനങ്ങളുടെയും മെമന്റോകളുടെയും ഇലേലത്തിൽ ഇന്ത്യൻ വനിതാ ഫെൻസറായ ഭവാനി ദേവിയുടെ ഫെൻസിങ് വാളും

ന്യൂഡൽഹി : ടോക്കിയോ ഒളിമ്പിക്സിന് യോഗ്യത നേടുന്ന ആദ്യ ഇന്ത്യൻ വനിതാ ഫെൻസറായപ്പോൾ ഭവാനി ദേവിക്ക് അത് ഒരു സുപ്രധാന ദിവസമായിരുന്നു. ടോക്കിയോ ഒളിമ്പിക്സിലെ ആദ്യ മത്സരം ജയിച്ച് അവർ ചരിത്രം സൃഷ്ടിച്ചു. ഇതുവരെ ഒരു ഇന്ത്യൻ വനിതാ ഫെൻസറും ആ നിലയിൽ എത്തിയിട്ടില്ല എന്നതുകൊണ്ട് തന്നെ അത് ഒരു വലിയ നേട്ടമായിരുന്നു.

തമിഴ്നാട്ടിൽ നിന്നുള്ള ഭവാനി ദേവി ഫെൻസിംഗിൽ എട്ട് തവണ ദേശീയ ചാമ്പ്യനായിട്ടുണ്ട്.

ടോക്കിയോ ഒളിമ്പിക്സിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരിച്ചവരിൽ അവരും ഉൾപ്പെടുന്നു. ആ ചടങ്ങിൽ വച്ച് അവർ ഒളിംപിക്സിൽ ഉപയോഗിച്ച അതേ ഫെൻസിങ് വാൾ പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ച സമ്മാനങ്ങളുടെയും മെമന്റോകളുടെയും ഇലേലത്തിൽ ചരിത്രപരമായ ആ ഫെൻസിങ് വാളും ഉൾപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾക്ക് ഇത് സ്വന്തമാക്കണമെങ്കിൽ, 2021 സെപ്റ്റംബർ 17 മുതൽ ഒക്ടോബർ 7 വരെ pmmementos.gov.in/ Cൽ നടക്കുന്ന ഇലേലത്തിൽ പങ്കെടുക്കുക.

ലേലത്തുക 'നമാമി ഗംഗേ കോശ്' എന്നതിലേക്ക് പോകും.

## തദ്ദേശീയമായി വളരുന്ന പരമ്പരാഗത ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം ആത്മനിർഭർ ഭാരതത്തിന്

പ്രമുഖ സർവകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജില്ലാതല വിദ്യാഭ്യാസ, പരിശീലന കേന്ദ്രങ്ങൾ ( ഡയറ്റ്) എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും പുരോഗതി നിരീക്ഷണത്തിനും പരിശോധനകൾക്കുമുള്ള ഫീൽഡ് സന്ദർശനങ്ങൾ സുഗമമാക്കും.

ജയ്പൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽസ് ടെക്നോളജി പ്രധാനമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും

രാജസ്ഥാനിലെ നാല് പുതിയ മെഡിക്കൽ കോളേജുകളുടെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.